# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD(25)/601/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/06/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3) അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
4)കാര്യാലയ പകർപ്പ്

നമ്പർ: KSA.PKD(25)/601/22 തീയ്യതി: 29/06/2022

## പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-12-2019 മുതൽ 13-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് ശ്രീധർ | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 20-02-2022 | 26-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2022 | 26-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നസ്സീർ .ടി.കെ -ഓഡിറ്റ് ഓഫീസർ

ശ്രീ.രാമകൃഷ്ണൻ.കെ.പി -അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ശിവപ്രസാദ് .എം -അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഗീത.കെ -ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി: ഷേളി.പി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 20-12-2020 |
| ശ്രീ.ദേവദാസ് .ടി.കെ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി:ധന്യ.എസ് | സെക്രട്ടറി | 01-04-2020 | 07-08-2020 |
| ശ്രീ.അബ്ദുൾ നസ്സീർ.എ | സെക്രട്ടറി | 08-08-2020 | 29-10-2020 |
| ശ്രീ.കെ.ശശികുമാർ | സെക്രട്ടറി | 30-10-2020 | 29-01-2021 |
| ശ്രീ.അബ്ദുൾ നസ്സീർ എ | സെക്രട്ടറി | 30-01-2021 | 07-02-2021 |
| ശ്രീ.സുരേന്ദ്രൻ.എൻ | സെക്രട്ടറി | 08-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്രദീപ് കുമാർ .കെ | അസി.എക്സി.എൻജിനിയർ | 01-04-2020 | 31-03-2021 |
| ഡോ.മൈനാവതി.കെ | മെഡിക്കൽ ഓഫീസർ (CHC) | 01-04-2020 | 31-03-2021 |
| ശ്രീ.സുന്ദരൻ.കെ | SCDO | 01-04-2020 | 31-03-2021 |
| ശ്രീ.ബാലകൃഷ്ണൻ | IEO | 01-04-2020 | 31-03-2021 |
| ശ്രീമതി:രമ ആർ | CDPO | 01-04-2020 | 16-10-2020 |
| ശ്രീമതി:ഗീത.കെ | CDPO | 17-10-2020 | 08-02-2021 |
| ശ്രീ:ലൈജു.വി.എസ് | CDPO | 09-02-2021 | 31-03-2021 |
| ശ്രീമതി:നീന കെ മേനോൻ | കൃഷി അസി.ഡയറക്ടർ | 01-04-2020 | 26-06-2020 |
| ശ്രീമതി:മേരി വിജയ കെ | കൃഷി അസി.ഡയറക്ടർ | 27-06-2020 | 23-07-2020 |
| ശ്രീമതി:ബിന്ദു.കെ | കൃഷിഅസി.ഡയറക്ടർ | 24-07-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Geetha K (Auditor, On 02-04-2022) | 1-1 |
| 2 | ബജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-1-2 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-2 |
| 4 | വാർഷിക കണക്ക് അപാകതകൾ<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Geetha K (Auditor, On 02-04-2022) | 1-4 |
| 7 | ഫണ്ട് വിനിയോഗം-1.94 കോടി ലാപ്സായി<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-5 |
| 9 | പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-5-1 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Naseer (Audit Officer, On 14-02-2022)<br>Last Updated By: T.K.Naseer (Audit Officer, On 14-02-2022) | 1-6 |
| 11 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: T.K.Naseer (Audit Officer, On 14-02-2022) | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Geetha K (Auditor, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-9 |
| 14 | സാംഖ്യ രശീതികളുടെ പരിശോധനയിൻ മേലുള്ള കണ്ടെത്തലുകൾ<br>Written By: Geetha K (Auditor, On 25-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-10 |
| 15 | മരാമത്ത് -സപ്ലിമെന്ററി എഗ്രിമെന്റ് സ്റ്റാമ്പ് ഡ്യൂട്ടി കുറവ്<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-11 |
| 16 | മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-12 |
| 17 | റോഡ് ടാറിങ് -ബാരൽ വില ഈടാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| | Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | |
| 18 | കുടിവെള്ള പദ്ധതി- ഏകദേശ ഐറ്റം അനുവദിച്ചത് ക്രമപ്രകാരമല്ല<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-14 |
| 19 | "സുശീലം"-ഹൈസ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം -അപാകതകൾ<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-15 |
| 20 | നിശ്ചിത തീയ്യതിയിൽ കരാർ ചമയക്കുന്നതിൽ വീഴ്ച -ഫൈൻ ഈടാക്കിയില്ല<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-16 |
| 21 | കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചവ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-17 |
| 22 | ഇ-ടെൻണ്ടർ-ടെൻണ്ടർ ഫീ തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറണം<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-18 |
| 23 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-19 |
| 24 | റോഡ് പ്രവർത്തികൾ -പഞ്ചായത്തുകളുടെ അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-20 |
| 25 | മരാമത്ത് പ്രവർത്തികൾ-റോഡ് പ്രവർത്തിയിൽ കോൺക്രീറ്റിന് മുൻഗണന നൽകുന്നത് സംബന്ധിച്ച്<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-21 |
| 26 | മരാമത്ത് -അവലോകനം<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-21-1 |
| 27 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: T.K.Naseer (Audit Officer, On 23-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-22 |
| 28 | PMAY & IAY – ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 24-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-23 |
| 29 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ- മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-24 |
| 30 | ഭിന്നശേഷി സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം-മുഴുവൻ തുകക്കുമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-25 |
| 31 | പെൺകുട്ടികൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്- മാർഗരേഖയ്ക്ക് വിരുദ്ധം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 27-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-26 |
| 32 | ലൈഫ് മിഷൻ പദ്ധതി-തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 27-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-27 |
| 33 | സുസ്മേരം-ഗവ.ഐ.ടി.ഐ കുഴൽമന്ദം, ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളുകൾക്ക് നാപ്കിൻ, വെന്റിംഗ് മെഷീൻ, ഇൻസിനേറ്റർ എന്നിവ | 1-28 |

| | | |
|---|---|---|
| | സ്ഥാപിക്കൽ<br>Written By: M.sivaprasad (Asst. Audit Officer, On 28-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | |
| 34 | ജനകീയ ഹോട്ടൽ -ഗ്രാമപഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 28-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-29 |
| 35 | ബ്ലോക്ക് വികസന ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ മെയിന്റൻസ് ഫണ്ട് ഉപയോഗിച്ചു-തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 28-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-30 |
| 36 | രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.sivaprasad (Asst. Audit Officer, On 28-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-31 |
| 37 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല<br>Written By: M.sivaprasad (Asst. Audit Officer, On 28-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-32 |
| 38 | അതിജീവനം-വയോജനക്ഷേമം ആരോഗ്യപദ്ധതി -രേഖകൾ ഹാജരാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 28-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-33 |
| 39 | സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ, ലാബ് റീ-ഏജന്റുകൾ,ഫാർമസി സ്റ്റോർ, സി.സി.ടി.വി, കർട്ടൻ ഫർണ്ണിച്ചർ റിപ്പയർ എന്നിവ വാങ്ങൽ-തുക തടസ്സപ്പെടുത്തുന്നു<br>Written By: M.sivaprasad (Asst. Audit Officer, On 01-03-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-34 |
| 40 | സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ, ലാബ് റീ-ഏജന്റുകൾ,ഫാർമസി സ്റ്റോർ, സി.സി.ടി.വി, കർട്ടൻ ഫർണ്ണിച്ചർ റിപ്പയർ എന്നിവ ഉൾപ്പെടെയുള്ള ചെലവുകള്<br>Written By: M.sivaprasad (Asst. Audit Officer, On 01-03-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-35 |
| 41 | മരുന്നുകൾ മുഴുവൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: M.sivaprasad (Asst. Audit Officer, On 01-03-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-36 |
| 42 | റോഡ് ടാറിങ് -ടാർ ബാരൽ വില കുറവ് ചെയ്തിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 01-03-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Naseer (Audit Officer, On 14-02-2022)<br>Last Updated By: T.K.Naseer (Audit Officer, On 22-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Naseer (Audit Officer, On 22-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 14-02-2022)<br>Last Updated By: Anish A (Computer Assistant, On 19-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വരവ്-ചെലവ് പത്രിക -സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

03-03-2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പരിഷ്കരിച്ചിട്ടില്ല.
ബജറ്റ് വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 46000 |
| വരവ് | 560573000 |
| ആകെ | 560619000 |
| ചെലവ് | 559198000 |
| നീക്കിയിരിപ്പ് | 1375000 |

ബജറ്റ് പ്രകാരമുള്ള നീക്കിയിരുപ്പായ 46000/- രൂപയാണ് മുന്നിരുപ്പായി എടുത്തിട്ടുള്ളത്.എന്നാൽ യഥാർത്ഥ മുന്നിരിപ്പ് 37494540/- രൂപയും യഥാർത്ഥ നീക്കിയിരുപ്പ് 38869540/- രൂപയുമാണ്. അപാകതകൾ പരിഹരിച്ച് റിവൈസ്ഡ് ബജറ്റ് തയ്യാറാക്കേണ്ടതാണ്

## 1-1-2 ബജറ്റ് -യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തത്

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻവർഷത്തെ വരവ് | 560573000 | 86748581 |
| തൻവർഷത്തെ ചെലവ് | 559198000 | 90522307 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.06.21 | -- | -- |

## 1-2-1 വാർഷിക കണക്ക് അപാകതകൾ

1. സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ആസ്തി രജിസ്റ്ററിൽ 2020-21 വർഷം വരെയുള്ള ഡാറ്റാ എൻട്രി നടത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.
2. RP 34 ൽ DEPOSITS 98578 രൂപയുള്ളതിന്റ സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. RP 36 ൽ OTHER LIABILITY 1310543 രൂപയുള്ളതിന്റ സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. RP 40 ൽ "Capital Work In Progress "ൽ AEE യുടെ പാർട്ട് ബിൽ ഉൾപ്പെടുന്നില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6. എല്ലാ ചെലവുകൾക്കും PAYMENT ORDER ഫയലിൽ സൂക്ഷിക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35519784 |
| വരവ് | 86748581 |
| ആകെ | 122268365 |
| ചെലവ് | 90522307 |
| നീക്കിയിരിപ്പ് | 31746058 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 32750293 | 32750293 | 30433711 | 2316582 |
| പ്ലാൻ (SCP) | 0 | 44052574 | 44052574 | 35539228 | 8513346 |
| പ്ലാൻ (TSP) | 0 | 129841 | 129841 | 112000 | 17841 |
| CFC (BASIC ) | 0 | 6150000 | 6150000 | 2253499 | 3896501 |
| CFC (TIED) | 0 | 6150000 | 6150000 | 1463700 | 4686300 |
| റോഡിതരം (MG) | 0 | 5708671 | 5708671 | 5708167 | 504 |
| മിസ് ലേനിയസ്സ്-16222 | 4679814 | 3578327 | 8258141 | 4610743 | 3647398 |
| TSB | 3554416 | 984658 | 4539074 | 4539074 | 0 |
| TSC | 1374891 | 41975 | 1416866 | 14175 | 1402691 |
| പ്ലാൻ | 22535571 | 825243 | 23360814 | 211528 | 23149286 |
| മിസ് ലേനിയസ്സ് | 3215167 | 103343 | 3318510 | 944189 | 2374321 |
| പാലിയേറ്റീവ് | 159925 | 248326 | 408251 | 239953 | 168298 |

## 1-4-1 ഫണ്ട് വിനിയോഗം-1.94 കോടി ലാപ്സായി

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 32750293 | 32750293 | 30433711 | 2316582 | 93% |
| പ്ലാൻ (SCP) | 0 | 44052574 | 44052574 | 35539228 | 8513346 | 81% |
| പ്ലാൻ (TSP) | 0 | 129841 | 129841 | 112000 | 17841 | 86% |
| CFC (BASIC ) | 0 | 6150000 | 6150000 | 2253499 | 3896501 | 37% |
| CFC (TIED) | 0 | 6150000 | 6150000 | 1463700 | 4686300 | 24% |
| റോഡിതരം (MG) | 0 | 5708671 | 5708671 | 5708167 | 504 | 99% |
| ആകെ | 0 | 89803575 | 89803575 | 70372501 | 19431074 | 78% |

തൻവർഷം 8.9 കോടി സർക്കാർ ഗ്രാന്റ് ലഭ്യമാക്കിയതിൽ 7.03 കോടി മാത്രമാണ് ചെലവാക്കപ്പെട്ടിട്ടുള്ളത് 1.94 കോടി ചെലവഴിക്കപ്പെടാതെ ലാപ്സാക്കി. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാൻ മോണിട്ടറിങ് ശക്തിപ്പെടുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 128364767 | 114 | 76676695 | - | 21 | 84% |

## 1-5-1 പദ്ധതി അവലോകനം -മോണിട്ടറിങ് കാര്യക്ഷമമാക്കണം

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി അസി.ഡയറക്ടർ | 2 | 2 | 0 | 10060000 | 10060000 | 100% |
| വെറ്റിനറി സർജ്ജൻ | 3 | 3 | 0 | 2550000 | 2545890 | 99% |
| MO (CHC) | 11 | 10 | 1 | 7510321 | 6289907 | 84% |
| SCDO | 6 | 6 | 0 | 15111972 | 15060000 | 99% |
| CDPO | 15 | 13 | 2 | 5552946 | 3207372 | 56% |
| സെക്രട്ടറി/ ബി.ഡി.ഒ | 20 | 13 | 7 | 37511428 | 9606720 | 26% |
| അസി.എക്സി. എൻജിനീയർ | 68 | 58 | 10 | 46518100 | 28156806 | 61% |
| DIO | 3 | 2 | 1 | 3550000 | 1750000 | 49% |
| ആകെ | 135 | 114 | 21 | 128364767 | 76676695 | 60% |

തൻവർഷം അംഗീകാരം ലഭ്യമാക്കിയ 135 പ്രൊജക്ടുകളിൽ 114 എണ്ണം നിർവ്വഹണം നടത്തി. ആകെ അടങ്കൽ 12.83 കോടി രൂപയിൽ 7.66 കോടി മാത്രം ചെലവഴിക്കപ്പെട്ടു. പൂർണ്ണതോതിലുള്ള നിർവ്വഹണത്തിന് മോണിട്ടറിങ് ശക്തിപ്പെടുത്തണം

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.2.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലെന്ന് ബോദ്ധ്യപ്പെട്ടു

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമല്ല.

ബ്ലോക്ക് പഞ്ചായത്തിൽ രേഖകളും രജിസ്റ്ററുകളും പൊതുവെ എഴുതി സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

- ലോൺ രജിസ്റ്റർ, ഡപ്പോസിറ്റ് രജിസ്റ്റർ ,ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- പ്രൊക്യൂർമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല
- അപ്രൊപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

- രസീതികളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- എല്ലാ ചെലവുകൾക്കും പേമന്റ് ഓഡർ ഫയലിൽ സൂക്ഷിക്കുന്നില്ല

### 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.02.2021 മുതൽ 04.03.2021 വരെ | 01.04.2019 മുതൽ 31.03.2020 വരെ | 08.03.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2019 മുതൽ 17.09.2019 വരെ | 2014-15 മുതൽ 2018-19 വരെ | 05.10.2019 |

### 1-10 സാംഖ്യ രശീതികളുടെ പരിശോധനയിൻ മേലുള്ള കണ്ടെത്തലുകൾ

സ്റ്റോക്ക് രജിസ്റ്റർ ഓഫ് TR 5 രസീപ്റ്റ് ബുക്ക് & സാംഖ്യ രസീപ്റ്റ് പ്രകാരം 8462801 മുതൽ 8463500 വരെയുള്ള സാംഖ്യ രസീപ്റ്റുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട് (പേജ് നമ്പർ 71). സ്റ്റോക്കിലെടുത്ത തീയതി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ 8462909 മുതൽ 8462989 വരെയുള്ള സാംഖ്യ രശീതികൾ ഉപയോഗിച്ചിട്ടുണ്ട്. രശീതികളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

സാംഖ്യ രശീതി നമ്പർ 120070100010 മുതൽ 120070100069 വരെ (17.11.2020 മുതൽ 19.11.2020 വരെ ഉപയോഗിച്ചത്) രശീതികളിൽ മാന്വൽ ആയിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനുള്ള കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷൻ 20/22.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കമ്പ്യൂട്ടർവൽകൃത രസീതികൾ നൽകുമ്പോൾ സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്ത രസീതികൾ തന്നെയാണ് ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-11 മരാമത്ത് -സപ്ലിമെന്ററി എഗ്രിമെന്റ് സ്റ്റാമ്പ് ഡ്യൂട്ടി കുറവ്

മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടികളിൽ കേരള ഫിനാൻസ് ആക്ട്, 2019 പ്രകാരം സപ്ലിമെന്ററി എഗ്രിമെന്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയിൽ കേരള സ്റ്റാമ്പ് ആക്ട്, 1959 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതനുസരിച്ച് പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾക്കും നൽകുവാനുമുള്ള സേവനങ്ങൾക്കുമുള്ള സപ്ലിമെന്ററി എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി, സപ്ലിമെന്ററി എഗ്രിമെന്റിൽ സമ്മതിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ (പാർട്ട് ബിൽ കുറവ് ചെയ്ത്) ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ കുറഞ്ഞ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറിലോ, സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാതെയോ ആണ് ദീർഘിപ്പിച്ച നൽകിയിട്ടുള്ളത്. ദീർഘിപ്പിച്ച നൽകിയത് സംബന്ധിച്ച ഉടർനടപടി വിവരങ്ങൾ പൂർണ്ണമല്ല (കോൺട്രാക്ടറുടെ അപേക്ഷ, നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ, പഞ്ചായത്ത് തീരുമാനം, ഫൈൻ വിവരം എന്നിവ )ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| മരാമത്ത് പ്രവൃത്തിയുടെ വിശദ വിവരങ്ങൾ | സപ്ലിമെന്ററി എഗ്രിമെൻറ് വിവരം | | |
|---|---|---|---|
| | യഥാർത്ഥ സ്റ്റാമ്പ് ഡ്യൂട്ടി | സമർപ്പിച്ചത് | കുറവ് |
| 1)പ്രവർത്തി:76/21-കെല്ലങ്കോട്ടു പറമ്പ് | 300 | 0 | 300 |

| | | | |
|---|---|---|---|
| കുടിവെള്ള പദ്ധതി (കണ്ണാടി )<br>അടങ്കൽ :500000(SCP)<br>ചെലവ്:326392/-<br>ബിൽ നം:2/20-21/24.4.20 -206699/-<br>ബിൽ നം :65/18-19/7.2.2019-119700/-<br>എം ബുക്ക് :79/17-18<br>എഗ്രിമെൻറ് :9/AEE/KBP/18-19/6.9.2018<br>കോൺട്രാക്ടർ :ഷഫീക്ക് NM (412600)<br>പൂർത്തീകരണതീയ്യതി:31.3.2019(എഗ്രിമെൻറ്)<br>പൂർത്തീകരിച്ചതീയ്യതി :14.2.2020(ചെക്ക് മെഷർ) | | | |
| 2)പ്രവർത്തി:73/21-കരുവനക്കാട് കുടിവെള്ള പദ്ധതി (കുത്തന്നൂർഗ്രാ.പ)<br>അടങ്കൽ(500000) ചെലവ്:248088/-<br>ബിൽ നം:3/20-21 /24.4.20 126784<br>ബിൽ നം:69/18-19/25.2.2019 -121304<br>എം ബുക്ക് :79/17-18<br>എഗ്രിമെൻറ് :23/AEE/KBP/18-19/6.9.2018<br>(PAC-404661)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 31.3.2019<br>(എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :24.3.2020<br>(അവസാനചെക്ക് മെഷർ)<br>31.3.2019ന് ശേഷംസപ്ലിമെന്റൽ എഗ്രിമെന്റ് 200/-രൂപ വച്ചിട്ടുണ്ട്<br>കോൺട്രാക്ടർ : ശ്രീ.ഫ്രങ്ക്ലിൻ ജോസ് | 300 | 200 | 100 |
| 3)പ്രവർത്തി:74/21-കൊല്ലങ്കോട്ട്കളം കുടിവെള്ള പദ്ധതി (കോട്ടായി ഗ്രാ.പ SCP)<br>അടങ്കൽ(7500000) ചെലവ്:641410/-<br>ബിൽ നം:5/20-21 /24.4.20 219282/-<br>ബിൽ നം:66/18-19/25.2.2019 -422128<br>എം ബുക്ക് :139/17-18<br>എഗ്രിമെൻറ് :19/AEE/KBP/18-19/6.9.2018<br>(PAC-626582)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 31.3.2019<br>(എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :9.1..2020<br>(അവസാനചെക്ക് മെഷർ)<br>31.3.2019ന് ശേഷംസപ്ലിമെന്റൽ എഗ്രിമെന്റ് 200/-രൂപ വച്ചിട്ടുണ്ട്.<br>കോൺട്രാക്ടർ : ശ്രീ.ഫാസിൽ.എച്ച്. | 300 | 200 | 100 |
| 4)പ്രവർത്തി:71/21-സ്ത്രീ ശാക്തീകരണ കേന്ദ്രം (തേങ്കുർശി ഗ്രാ.പ SCP) | 500 | 0 | 500 |

| | | | |
|---|---|---|---|
| അടങ്കൽ(525000) ചെലവ്:295210/-<br>ബിൽ നം:6/20-21 /24.4.20 295210/-<br>എം ബുക്ക് :23/19-20<br>എഗ്രിമെൻറ് :53/17-18/AEE/KBP/20.3.2018<br>(PAC-429033)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 20.9.2018<br>(എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :25.6.2020<br>(അവസാനചെക്ക് മെഷർ)<br>20.9.2018 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല.(main എഗ്രിമെന്റ് 200 രൂപ മാത്രം )<br>കോൺട്രാക്ടർ : ശ്രീരമേഷ്. | | | |
| 7)പ്രവർത്തി:78/21-CHC ഫീമേൽ വാർഡ് നിർമ്മാണം<br>അടങ്കൽ(2000000) ചെലവ്:1937117/-<br>ബിൽ നം:34/20-21 /18.8.20<br>എം ബുക്ക് :98/17-18<br>എഗ്രിമെൻറ് :42/18-19/AEE/KBP/16.11.2018<br>(PAC-1852781)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 16.7.2019<br>(എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :18.11.2019<br>(അവസാനചെക്ക് മെഷർ)<br>16.7.2019 ന് ശേഷം 200 രൂപ സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്<br>കോൺട്രാക്ടർ:ജയപ്രകാശ് | 2000 | 200 | 1800 |
| ആകെ | 3400 | 600 | 2800 |

സപ്ലിമെന്ററി എഗ്രിമെൻറ് നിശ്ചിത നിരക്കിൽ വയ്ക്കാത്തതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം:9/202-1 /17.2.2022

1-12 മരാമത്ത് പ്രവർത്തി -പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് ഫൈൻ ഈടാക്കാതെ

അസി.എക്സി.എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ, കരാറുകാരനുമായുള്ള എഗ്രിമെന്റ് Clause 7 എന്നിവ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി എന്നും ബോധ്യപ്പെട്ടു. ഈ പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. കൂടാതെ നിയമപ്രകാരം നൽകാവുന്നതിനേക്കാൾ കൂടുതൽ കാലാവധി ആദ്യ തവണ നീട്ടി നൽകിയിട്ടുമുണ്ട്. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം ബ്ലോക്ക്പഞ്ചായത്തിന് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ

കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ പഞ്ചായത്ത് ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവു പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന് ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ )എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവർത്തിയിൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ അപൂർണ്ണമാണ് (കോൺട്രാക്ടറുടെ അപേക്ഷ, നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ, ബ്ലോക്ക് പഞ്ചായത്ത് തീരുമാനം, ഫൈൻ ഈടാക്കിയ വിവരം എന്നിവ )തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ഫൈൻ സംബന്ധിച്ച് | | |
|---|---|---|---|
| | ഈടാക്കേണ്ടത് (3%) | ഈടാക്കിയത് | കുറവ് |
| 1)പ്രവർത്തി:76/21-കൊല്ലങ്കോട്ട് പറമ്പ് കുടിവെള്ള പദ്ധതി (കണ്ണാടി ഗ്രാ.പ)<br>അടങ്കൽ(500000 SCP) ചെലവ്:326392/-<br>ബിൽ നം:2/20-21 /24.4.20<br>എം ബുക്ക് :79/17-18<br>എഗ്രിമെൻറ്:9/AEE/KBP/18-19/ 6.9.2018 (PAC-412600 )<br>പൂർത്തീകരിക്കേണ്ട തീയ്യതി : 31.3.2019 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :14.2.2020 (അവസാന ചെക്ക് മെഷർ)<br>31.3.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.ഷഫീക്ക്.എൻ.എം | 12378 | 0 | 12378 |
| 2)പ്രവർത്തി:73/21- കരുവനക്കാട് കുടിവെള്ള പദ്ധതി (കുത്തനൂർ ഗ്രാ.പ)<br>അടങ്കൽ(500000SCP)<br>ചെലവ്:248088/-<br>ബിൽ നം:3/20-21 /24.4.20 126784<br>ബിൽ നം:69/18-19/25.2.2019 -121304<br>എം ബുക്ക് :79/17-18<br>എഗ്രിമെൻറ് :23/AEE/KBP/18-19 /6.9.2018 (PAC-404661)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 31.3.2019 (എഗ്രിമെന്റ് | 12139 | | 12139 |

| | | | | |
|---|---|---|---|---|
| | പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :24.3.2020 (അവസാന ചെക്ക് മെഷർ)<br>31.3.2019 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ -ശ്രീ.ഫ്രങ്ക്ലിൻ ജോസ് | | | |
| | 3)പ്രവർത്തി:74/21-കൊല്ലങ്കോട്ട് കളം കുടിവെള്ള പദ്ധതി (കോട്ടായി ഗ്രാ.പ SCP)<br>അടങ്കൽ(7500000) ചെലവ്:641410/-<br>ബിൽ നം:5/20-21 /24.4.20 219282/-<br>ബിൽ നം:66/18-19/25.2.2019 -422128<br>എം ബുക്ക് :139/17-18<br>എഗ്രിമെൻറ് :19/AEE/KBP/18-19/6.9.2018 (PAC-626582)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 31.3.2019 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :9.1..2020 (അവസാനചെക്ക് മെഷർ)<br>31.3.2019ന് ശേഷംസപ്ലിമെന്റൽ എഗ്രിമെന്റ് 200/-രൂപ വച്ചിട്ടുണ്ട്.<br>കോൺട്രാക്ടർ -ശ്രീ.ഫാസിൽ.എച്ച് | 18797 | 0 | 18797 |
| | 4)പ്രവർത്തി:71/21-സ്ത്രീ ശാക്തീകരണ കേന്ദ്രം (തേങ്കുർശി ഗ്രാ.പ SCP)<br>അടങ്കൽ(525000) ചെലവ്:295210/-<br>ബിൽ നം:6/20-21 /24.4.20 295210/-<br>എം ബുക്ക് :23/19-20<br>എഗ്രിമെൻറ് :53/17-18/AEE/KBP/20.3.2018 (PAC-429033)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 20.9.2018 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :25.6.2020 (അവസാനചെക്ക് മെഷർ)<br>20.9.2018 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല.(main എഗ്രിമെന്റ് 200 രൂപ മാത്രം<br>കോൺട്രാക്ടർ : ശ്രീരമേഷ്. | 12870 | 0 | 12870 |
| | 5)പ്രവർത്തി:75/21- വടക്കേ വാക്കാട് റോഡ് കോൺക്രീറ്റ് (കണ്ണാടി ഗ്രാ.പ SCP)<br>അടങ്കൽ(500000) ചെലവ്:413579/-<br>ബിൽ നം:21/20-21 /24.4.20 -382332/-<br>ബിൽ നം:30/20-21 /24.4.20 -31247/-<br>എം ബുക്ക് :8/19-20<br>എഗ്രിമെൻറ് :36/18-19/AEE/KBP/19.9.18 (PAC-413753)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 19.3.2019 (എഗ്രിമെന്റ് | 12412 | 0 | 12412 |

| | | | | | |
|---|---|---|---|---|---|
| | പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :30.6.2020 (അവസാനചെക്ക് മെഷർ)<br>20.9.2018 ന് ശേഷം 100 രൂപ സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്<br>കോൺട്രാക്റ്റർ : ചന്ദ്രൻ | | | | |
| | 6)പ്രവർത്തി:99/21- കാവതിയോട് DWWS (കോട്ടായി ഗ്രാ.പ SCP)<br>അടങ്കൽ(500000) ചെലവ്:269466/-<br>ബിൽ നം:22/20-21 /24.4.20 -/-76573<br>ബിൽ നം:65/20-21 /24.2.21 -192893/-<br>എം ബുക്ക് :13/19-20<br>എഗ്രിമെൻറ് :12/19-20/AEE/KBP/17.9.19<br>(PAC-373279)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 17.3.2020 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :17.2.21 (അവസാനചെക്ക് മെഷർ)<br>17.3.20 ന് ശേഷം 200 രൂപ സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്<br>കോൺട്രാക്റ്റർ : ശിവദാസൻ | 11198 | 2238 | 8960 | |
| | 7)പ്രവർത്തി:78/21-CHC ഫീമേൽ വാർഡ് നിർമ്മാണം<br>അടങ്കൽ(2000000) ചെലവ്:1937117/-<br>ബിൽ നം:34/20-21 /18.8.20<br>എം ബുക്ക് :98/17-18<br>എഗ്രിമെൻറ് :42/18-19/AEE/KBP/16.11.2018<br>(PAC-1852781)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 16.7.2019 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :18.11.2019 (അവസാനചെക്ക് മെഷർ)<br>16.7.2019 ന് ശേഷം 200 രൂപ സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്<br>കോൺട്രാക്റ്റർ:ജയപ്രകാശ് | 55583 | 0 | 55583 | |
| | 8)പ്രവർത്തി:118/21- കല്ലുകാട് DWWS (കുത്തന്നൂർ ഗ്രാ.പ SCP)<br>അടങ്കൽ(500000) ചെലവ്:380564/-<br>ബിൽ നം:39/20-21 /24.4.20 -/-380564<br>എം ബുക്ക് :29/19-20<br>എഗ്രിമെൻറ് :21/19-20/AEE/KBP/25.9.19<br>(PAC-334872)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 25.5.2020 (എഗ്രിമെന്റ് പ്രകാരം ) | 10046 | 0 | 10046 | |

| | | | |
|---|---|---|---|
| പൂർത്തീകരിച്ച തീയ്യതി :12.9.2020 (അവസാനചെക്ക് മെഷർ)<br>12.9.2020 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ :ഫ്രങ്ക്ലിൻ ജോസ് | | | |
| 8)പ്രവർത്തി:112/21-സുശീലം -ടോയ് ലറ്റ് ബ്ലോക്ക് കുഴൽമന്ദം ഹയർ സെക്കൻഡറി സ്കൂൾ)<br>അടങ്കൽ (2500000) ചെലവ്:2397656/-<br>ബിൽ നം:12,15,16,18,27,49,56/20-21 /10.2.21<br>എം ബുക്ക് :29/19-20-6,9,17,18,21,22,31/19-20<br>എഗ്രിമെൻറ് :32/19-20/AEE/KBP/30.10.19<br>(PAC-2141388)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 30.4.2020 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :9.9.2020 (അവസാനചെക്ക് മെഷർ)<br>9.9.2020 ന് ശേഷം 400 രൂപ സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്<br>കോൺട്രാക്ടർ :ഗിരീഷ് | 64241 | 0 | 64241 |
| 9)പ്രവർത്തി:123/21-സുശീലം -ചിമ്പൂക്കാട് കോളനി DWWS (കുത്തന്നൂർ)<br>അടങ്കൽ (500000) ചെലവ്:316617/-<br>ബിൽ നം:40/20-21/31.7.20<br>എം ബുക്ക് :56/19-20<br>എഗ്രിമെൻറ് :06/19-20/AEE/KBP/07.9.19<br>(PAC-326398 )<br>പൂർത്തീകരിക്കേണ്ട തീയ്യതി : 07.3.2020 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :14.8.2020 (അവസാനചെക്ക് മെഷർ)<br>07.3.2020 ന് ശേഷം സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടില്ല<br>കോൺട്രാക്ടർ: ഷെയ്ക്ക് അബ്ദുൾ ഖാദർ | 9791 | 0 | 9791 |
| 10)പ്രവർത്തി:121/21-കല്ലേക്കാട് അംഗനവാടി നിർമ്മാണം (57) (കോട്ടായി )<br>അടങ്കൽ (1500000) ചെലവ്:12000041/-<br>ബിൽ നം:57/20-21/20.2.2021<br>എം ബുക്ക് :15/19-20<br>എഗ്രിമെൻറ് :43/18-19/AEE/KBP/06.11.2018<br>(PAC-1279491)<br>പൂർത്തീകരിക്കേണ്ട തീയ്യതി : 06.5.2019 (എഗ്രിമെന്റ് പ്രകാരം )<br>പൂർത്തീകരിച്ച തീയ്യതി :19.8.2020 (അവസാനചെക്ക് മെഷർ) | 38384 | 0 | 38384 |

| | | | |
|---|---|---|---|
| 06.5.2019 ന് ശേഷം 200 രൂപയുടെ സപ്ലിമെന്റൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്<br>കോൺട്രാക്ടർ:പ്രകാശൻ | | | |
| 11)പ്രവർത്തി:120/21-ഞെളിഞ്ഞാംകോട്റോഡ്റീടാറിങ് (കുത്തന്നൂർ)<br>അടങ്കൽ :500000(പ്ലാൻ -ജനറൽ)<br>ചെലവ്:497419/-<br>ബിൽ നം:71/20-21/25.7.20-497419<br>എം ബുക്ക് :54/19-20<br>എഗ്രിമെൻറ് :15/AEE/LSGD/KBP/18.9.2019<br>കോൺട്രാക്ടർ :ബിനോയ് (PAC 497419 ) | 14922 | 0 | 14922 |
| ആകെ | | | 270523 |

കുറവായി ഈടാക്കിയ ഫൈൻ കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം:5/20-21/21.2.22 )

1-13 റോഡ് ടാറിങ് -ബാരൽ വില ഈടാക്കിയിട്ടില്ല

അസി.എക്സി എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ചില ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും GST യും ഈടാക്കുകയോ ബാരൽ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.

പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 230 രൂപയും +18% GST 42 രൂപയും ഉൾപ്പെടെ @272/ബരൽ ആണ് .ടാർ RS1 ,SS1 എന്നിവയ്ക്ക് ബാരൽ 182 Kg യും ടാർ VG-30 യ്ക്ക 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത് )

| മരാമത്ത് പ്രവർത്തിയുടെ വശദ വിവരങ്ങൾ | ബാരൽ വില സംബന്ധിച്ച് | | |
|---|---|---|---|
| | ടാർ (Kg) | ബാരൽ | വില |
| 1)പ്രവർത്തി:127/21-കല്ലുവെട്ട് പറമ്പ് റോഡ് റീടാറിങ് (കോട്ടായി )<br>അടങ്കൽ :800000(പ്ലാൻ -ജനറൽ)<br>ചെലവ്:717447/-<br>ബിൽ നം:41/20-21/25.7.20-717447/-<br>എം ബുക്ക് :27/19-20<br>എഗ്രിമെൻറ് :30/AEE/LSGD/KBP/11.10.2019<br>കോൺട്രാക്ടർ :പ്രകാശൻ | RS1-186.79kg<br>SS1-577.36kg<br>VG30-1365kg<br>ആകെ | 1<br>4<br>9<br>14 | 14x272<br>=3808 |
| 1)പ്രവർത്തി:89/21-മഞ്ഞാടി കുന്നകാട് റോഡ് റീടാറിങ് (കുഴ ൽ മന്ദം)<br>അടങ്കൽ :500000(പ്ലാൻ -SCP)<br>ചെലവ്:494451/-<br>ബിൽ നം:25/20-21/23.4.20/-321536 (ഫൈനൽ ) | RS1-251.08kg<br>SS1-0<br>VG30-2465kg<br>ആകെ | 2<br>0<br>16<br>18 | 16x272<br>=4352 |

| | | | |
|---|---|---|---|
| എം ബുക്ക് :3/19-20<br>എഗ്രിമെൻറ് :09/AEE/LSGD/KBP/17.9.2019<br>കോൺട്രാക്ടർ :ഹരിദാസ് | | | |
| ആകെ | | | 8160 |

ബാരൽ വില കോൺട്രാക്ടറിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.(6692+1468 GST)അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥൻറ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്നതാണ്. (ഓഡിറ്റ് എൻക്വയറി നം:16/20-21/21.2.22)

1-14 കുടിവെള്ള പദ്ധതി- ഏക്സ്ട്ര ഐറ്റം അനുവദിച്ചത് ക്രമപ്രകാരമല്ല

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 74/21- കൊല്ലങ്ങോട്ടകളം DWWS (കോട്ടായി ) | അടങ്കൽ/ഫണ്ടിനം | 7500000 (പ്ലാൻ -SCP ) |
| ചെലവ് | 641410 | ബിൽ നം /തീ:<br>വൗച്ചർ നം/തീ: | 5/20-21 /24.4.20-219282<br>66/18-19 /7.2.2019-422128 |
| എഗ്രിമെൻറ് നം: | 19/AEE /KBP//18-19 /6.9.2018 | എംബുക്ക് | 139/17-18 |
| കോൺട്രാക്ട് | ഫാസിൽ .എച്ച് | നിർവ്വഹണോദ്യോഗസ്ഥൻ | അസി. എക്സി .എൻജിനിയർ |

മേൽ പ്രവർത്തിയിൽ ഐറ്റം നം: (4) ആയി 7.5 HP സബ്മേഴ്സബിൾ ബോർ വെൽ മോട്ടോർ സ്ഥാപിക്കാൻ @ 16000 നിരക്കിൽ 120000 രൂപയുംഐറ്റം നം: (5) റെഡിമയ്ഡ് പമ്പ് ഹൗസ് (2X2 Size ) സ്ഥാപിക്കാൻ 23650 നിരക്കിൽ 23650 രൂപയും അനുവദിച്ചിട്ടുണ്ട് .
പമ്പ് ഹൗസും മോട്ടോറും കുഴൽക്കിണറിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കി മാത്രം ചെയ്യുന്ന പ്രവർത്തിയാണെന്നിരിക്കെ രണ്ട് പ്രാവശ്യം കുഴൽക്കിണർ കുഴിച്ച എന്നതിനാൽ എക്സ്ട്രാ ഐറ്റം തുക നൽകിയത് ക്രമപ്രകാരമല്ല. തുക കോൺട്രാക്ടറിൽ നിന്ന് തിരിച്ച് പിടിക്കണം
എന്നാൽ എക്സ്ട്രാ ഐറ്റം III ആയി 7.5 HP സബ്മേഴ്സബിൾ ബോർ വെൽ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് 9500 രൂപയും എക്സ്ട്രാ ഐറ്റം II ആയി പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കാൻ 10000 രൂപയും അനുവദിച്ചിട്ടുണ്ട്. കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ മാത്രം ചെയ്യേണ്ട പ്രവർത്തിയ്ക്ക് എക്സ്ട്രാ ഐറ്റമാക്കി തുക നൽകിയത് ക്രമപ്രകാരമല്ല .അധികം നൽകിയ 19500 രൂപ കോൺട്രക്ടറിൽ നിന്ന് തിരിച്ച് പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . ഓഡിറ്റ് എൻക്വയറി നം:7/20-21/16.2.22.

1-15 "സുശീലം"-ഹൈസ്കൂൾ ടോയ്ലറ്റ് നിർമ്മാണം -അപാകതകൾ

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 112/21- കുഴൽമന്ദം ഹയർസെക്കന്ററി സ്കൂളിൽ ടോയ് ലറ്റ് നിർമ്മാണം (6 UNIT) | അടങ്കൽ/ഫണ്ടിനം | 2500000 (പ്ലാൻ ജനറൽ ) |
| ചെലവ് | 1913990 | ബിൽ നം /തീ: | 19/20-21 /13.4.20<br>56/20-21 |

| | | | |
|---|---|---|---|
| | | | /10.2.21 |
| എഗ്രിമെൻറ് നം: | 32/19-0/AEE/KBP/ 30.10.19 | എംബുക്ക് | 6,9,17,18,21,22, 31/19-20 |
| കോൺട്രാക്ട് | ഗിരീഷ് | നിർവ്വഹണോദ്യോഗസ്ഥൻ | അസി. എക്സി .എൻജിനിയർ |

കുഴൽമന്ദം ഹയർസെക്കന്ററി/ഹൈസ്കൂൾ കെട്ടിടത്തിൽ 6 ശുചിമുറിയുണിറ്റുകൾ നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ജില്ലാപഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടുള്ള ഹയർ സെക്കൻഡറി സ്കൂളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിന്ന് ജില്ലാ പഞ്ചായത്തിന്റ അനുമതി പത്രം (NOC)ലഭ്യമാക്കിയിട്ടില്ല. ആസ്തി നിർമ്മാണം പൂർത്തീകരിച്ച് ജില്ലാ പഞ്ചായത്തിന് രേഖാമൂലം കൈമാറിയിട്ടില്ല. സ്ഥാപനത്തിന്റെ (കുഴൽമന്ദം ഹയർ സെക്കഡറി സ്കൂൾ ) സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് തല മോണിട്ടറിങ്സമതിയുടെ മോണിട്ടറിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് ആസ്തി സൃഷ്ടിക്കുന്നതിന്ന് ബന്ധപ്പെട്ട സ്ഥാപനത്തിൻറ അനുമതിപത്രം ലഭ്യമാക്കുന്നതിന്ന് ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം :10/20-21/18.2.22 )

1-16 നിശ്ചിത തീയ്യതിയിൽ കരാർ ചമയക്കുന്നതിൽ വീഴ്ച -ഫൈൻ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ബിൽ അനുവദിച്ചതായി കണ്ടെത്തി. ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട കോൺട്രക്ടർമാരിൽ നിന്ന് ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 81/21-ആര്യപുരം കനാൽ പാലം നിർമ്മാണം (മാത്തൂർ )<br>അടങ്കൽ -8000000<br>APAC- 636352/-<br>കരാറുകാരൻ.ശ്രീ.ഹരിദാസ്<br>ബിൽനം:11/20-21 | 22-8-2019 | 6-9-2019 | 11-10-2019 | 6363 |

| | | | | | |
|---|---|---|---|---|---|
| | /23.4.20-453742<br>ബിൽനം:13/20-1<br>/23.4.20-258972 | | | | |
| 2 | 47/21-വേമാരക്കോട് EMS റോഡ്നിർമ്മാണം (മാത്തൂർ )<br>അടങ്കൽ -500000<br>APAC- 490905/-<br>കരാറുകാരൻ.ശ്രീ.ഹരിദാസ്<br>ബിൽനം:47/20-21/23.7.20 -490905 | 27-8-2020 | 10-9-2020 | 07-10-20 | 4909 |
| | 29/21-മുതുകാട് ഉഴമ്പൻകാട് DWWS (കുഴൽമന്ദം )<br>അടങ്കൽ -500000<br>APAC- 359365/-<br>കരാറുകാരൻ.ശ്രീ. രാധാകൃഷ്ണൻ<br>ബിൽനം:51/20-1 /23.7.20-359365 | 10.7.2020 | 24.7.2020 | 25.9.2020 | 3593 |
| | ആകെ | | | | 14865 |

ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം കോൺട്രാക്ടർമാരിൽ നിന്ന് ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം :11/20-21/21.2.22 )

1-17 കുടിവെള്ള പദ്ധതികൾ -പൂർത്തീകരിച്ചവ പഞ്ചായത്തുകൾക്ക് രേഖാമൂലം കൈമാറിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത കുടിവെള്ള വിതരണ പദ്ധതികളുടെ പ്രൊജക്ടുകൾ ഏറ്റെടുത്തു നടത്തിയതിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1.ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുന്നത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2.ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സമ്മത പത്രം ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി പൂർത്തീകരിച്ചത് രേഖാമൂലം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല 2020-21 ൽ നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക് നം: പേര് | അടങ്കൽ | ചെലവ് | ബിൽനം/തീ: |
|---|---|---|---|---|
| 1 | 28/21-വിശ്വലം DWWS-മാത്തർ (SCP) | 380350 | 347056 | 50/20-21 /25.7.20 |
| 2 | 29/21-മുതുകാട് DWWS കുഴൽമന്ദം (SCP) | 408700 | 359365 | 51/20-21 /25.7.20 |
| 3 | 31/21-പുളിനെല്ലി DWWS കോട്ടായി (SCP) | 381600 | 352562 | 52/20-21 /25.7.20 |

| | | | | |
|---|---|---|---|---|
| 4 | 32/21-കളിമൺപാടം DWWS കണ്ണാടി (SCP) | 405450 | 404717 | 44/20/21 /20.7.20 |
| 5 | 32/21-പടപ്പനാൽ DWWS കുത്തനൂർ (SCP) | 386400 | 345649 | 55/20-21 /25.7.20 |
| 6 | 39/21-കിളിനിക്കാട് DWWS തേങ്കുർശ്ശി (SCP) | 387250 | 97115 | 53/20-21 /20.7.20 |
| 7 | 42/21 കണ്ണച്ചിപ്പറമ്പ് DWWS കോട്ടായി (SCP) | 251150 | 272967 | 54/20-21 /25.7.20 |
| 8 | 43/21-ഞായറാഴ്ചക്കാവ് DWWS കണ്ണാടി (SCP) | 396800 | 103022 | 60/20-21 /30.7.20 |
| 9 | 73/21-കരുവനക്കാട് DWWS കുത്തനൂർ (SCP) | 314468 | 126784 | 3/2-21/20.4.20 |
| 10 | 74/21-കെല്ലങ്കോട്ട്കളം DWWS കോട്ടായി (SCP) | 242548 | 219282 | 5/20-21 /20.4.20 |
| 11 | 76/21-കെല്ലങ്കോട്ട്പറമ്പ് DWWS കണ്ണാടി (SCP) | 324011 | 206692 | 2/20-21 /20.4.20 |
| 12 | 80/21-മടയൻപറമ്പ് DWWS മാത്തൂർ (SCP) | 500000 | 394353 | 1/20-21/20.4.20 |
| 13 | 85/21-പറയമ്പാടി DWWS മാത്തൂർ (SCP) | 500000 | 379983 | 26/20-21 /20.4.20 |

കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ് തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:20/20-21 /21.2.22.

1-18 ഇ-ടെൻണ്ടർ-ടെൻണ്ടർ ഫീ തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറണം

അസി.എക്സി.എൻജിനിയർ കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ (നം :371141997358-SBI കുഴൽമന്ദം) 31.3.2021 ൽ 2556850 രൂപ നീക്കിയിരിപ്പ് ഉണ്ട്. E-TENDER-ന്റെ ടെൻണ്ടർ ഫീ ഇനത്തിലുള്ള തുകയാണ് ഈ അക്കൗണ്ടിൽ ഉള്ളത്. തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:29/20-21/23.2.22.

1-19 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തെ ആസ്തി സംരക്ഷണ പദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ രേഖകൾ

ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആസ്തി സംരക്ഷണത്തിന് സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം :28/20-21/23.2.22.

ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർവ്വഹണം നടത്തിയ ആസ്തികൾ രേഖമൂലം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 റോഡ് പ്രവർത്തികൾ -പഞ്ചായത്തുകളുടെ അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് ആക്ട് (172-ാം വകുപ്പ് (1)-ാം ഉപവകുപ്പ് IV-ാം പട്ടിക -IX ) പ്രകാരം കൈമാറിയ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ (1) ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ റോഡുകളുടെയും പരിപാലനം, (2) സർക്കാരിൽ നിന്നും കൈമാറിക്കിട്ടിയ കെട്ടിടങ്ങളുടെ നിർമ്മാണവും ഉൾപ്പെടുന്നു. എന്നാൽ തൻവർഷം നിർമ്മാണം നടത്തിയ റോഡുകളിൽ പലതും ഗ്രാമ പഞ്ചായത്തിനുള്ളിൽ ഉള്ള (രണ്ട് ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കാത്തവ) റോഡുകൾ, ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമല്ലാത്തവ എന്നിവയാണ്. ഇത്തരത്തിലുള്ള റോഡുകൾ നിർവ്വഹണം നടത്തുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ അനുമതി പത്രം, ആസ്തി സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കാതെയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:21/20-21/23.2.22.

## 1-21 മരാമത്ത് പ്രവർത്തികൾ-റോഡ് പ്രവർത്തിയിൽ കോൺക്രീറ്റിന് മുൻഗണന നൽകുന്നത് സംബന്ധിച്ച്

തൻവർഷം അസി.എക്സി.എൻജിനിയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ അവലോകനം ചുവടെ ചേർക്കുന്നു

| | |
|---|---|
| ആകെ പ്രൊജക്ടുകൾ | 68 (37 Spill Over +31 New ) |
| നിർവ്വഹണം നടത്തിയത് | 58 |
| നിർവ്വഹണം നടത്താത്തത് | 10 |
| അകെ അടങ്കൽ | 46518100 |
| ആകെ ചെലവ് | 28156806 |
| ടാറിങ് പ്രവർത്തികൾ | 1795449 രൂപ |
| കോൺക്രിറ്റ് പ്രവർത്തികൾ | 4424004 രൂപ |

IKM ചെലവ് കണക്കുകൾ പ്രകാരം അസി.എക്സി.എൻജിനിയർ 4.65 കോടി രൂപ അടങ്കലിൽ 2.81 കോടി രൂപ മാത്രമാണ് ചെലവഴിച്ചത് (61%). ഇതിൽ റോഡ് വർക്കിന് 44.2 ലക്ഷം രൂപ കോൺക്രിറ്റ് പ്രവർത്തികൾക്കാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ടാറിങ് പ്രവർത്തികൾക്ക് നാമമാത്ര തുക (17.9 ലക്ഷം) മാത്രമാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ കോൺക്രിറ്റ് പ്രവർത്തികൾക്ക് മുൻഗണന നൽകുന്നത് ഭാവിയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടയാവാൻ സാദ്ധ്യത ഉണ്ട്.

(ഉദാ. ഇത്തരം റോഡുകൾ പൊട്ടിപ്പോയാൽ ആയത് ഇളക്കിമാറ്റി പുതിയത് സ്ഥാപിക്കാൻ നിലവിലുള്ള

നിരക്കിനേക്കാൾ തുക ചെലവഴിക്കേണ്ടിയും വരും എന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് ഭാവിയിൽ അധിക ബാദ്ധ്യത ഉണ്ടാവും, ഇളക്കി മാറ്റുന്ന കോൺക്രീറ്റ് പരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായേക്കാം). ഇതിലുപരിയായി താരതമ്യേന ഭൂപ്രകൃതി അനുസരിച്ച് ഉറപ്പുള്ള മണ്ണ് ഉള്ള പഞ്ചായത്തുകളിൽ പോലും ഓരോ കോൺക്രീറ്റ് പ്രവർത്തിയുടെ എസ്റ്റിമേറ്റിലും ക്വാറിമക്ക് വ്യാപകമായി ഉപയോഗിച്ച വരുന്ന (താരതമ്യേന ഉറപ്പുള്ള മണ്ണ് ഉള്ള പ്രദേശമാണ് ഈ പ്രദേശം). എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് കോറിമക്ക് ഉപയോഗം പരാമർശിച്ചിട്ടുള്ളതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഭാവിയിൽ കോൺക്രീറ്റ് പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് പുന:പരിശോധന നടത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം :21/20-21/22.2.22)

1-21-1 മരാമത്ത് -അവലോകനം

അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 68 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 58 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 37 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 31 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹46518100 വകയിരുത്തിയതിൽ ₹28156806 ആണ് ചെലവഴിച്ചിട്ടുള്ളത്. 61% ആണ്. തൻവർഷത്തെ ആകെ ചെലവ് ₹18361294/- പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി.

മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 37946872 | 30433711 |
| പൊതുവിഭാഗം(എസ്.സി.പി) | 44334225 | 35539228 |
| പൊതുവിഭാഗം(ടി.എസ്.പി) | 112000 | 112000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12300000 | 3717199 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 11500000 | 783017 |
| തനതു ഫണ്ട് | 1824670 | 383373 |
| മറ്റ് പഞ്ചായത്ത് | 11760000 | 0 |
| മെയി.ഫണ്ട്(റോഡ്) | 0 | 0 |
| മെയി.ഫണ്ട് (നോൺ-റോഡ്) | 8587000 | 5708167 |
| ആകെ | 128364767 | 76676695 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ 2018-19 വർഷം വരെ കാലികമാക്കിയിട്ടുണ്ട്. എന്നാൽ മറ്റ് പഞ്ചായത്തുകൾ നിർമ്മിച്ച നൽകുന്ന ആസ്തികൾ, എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ച നിർമ്മിക്കുന്ന ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

6. കരാറുകാരൻ EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എക്സി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കുന്നില്ല.

7. സെക്യൂരിറ്റി ഡപ്പോസിറ്റ് , റീടെൻഷൻ , EMD എന്നിവയ്ക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8. പ്രവൃത്തികളിൽ നെയിം ബോർഡിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തുന്നത് ഏകീകൃത സ്വഭാവമില്ല.

9. കരാറുകാരനുമായി ചമക്കുന്ന സപ്ലിമെന്ററി എഗ്രിമെന്റ് നിശ്ചിത നിരക്കിലല്ല.

10 കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസുകളിൽ കരാറുകാരന്റെ പേര്, പ്രവൃത്തിയുടെ പേര് എന്നിവ മാത്രമാണ് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. മറ്റ് വിവരങ്ങൾ, തിയതി എന്നിവ രേഖപ്പെടുത്തുന്നില്ല.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 68 മരാമത്ത് പ്രവൃത്തികളിൽ 16 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും 4 പ്രവൃത്തികൾ ടാറിംഗ് പ്രവൃത്തികളുമാണ്.

എം.പി. ഫണ്ട്, എം.എൽ.എ.ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാതു വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നം. തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർവ്വഹണം നടത്തിയ ആസ്തികൾ രേഖമൂലം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം:28/20-21/21.2.22.

## 1-23 PMAY & IAY - ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

IAY/PMAY പദ്ധതികളിൽ ഉൾപ്പെട്ടതും ഭവന നിർമ്മാണത്തിന് ധനസഹായം ലഭിച്ചവരും രജിസ്റ്റർ ഓഫ് ഹൌസിങ്ങ് സ്കീം - ലെ രേഖപ്പെടുത്തലുകൾ പ്രകാരം നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താവ് | PMAYരജിസ്റ്ററിലെ പേജ് നം | കൈപ്പറ്റിയ ആകെ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 2014-15 & 2015-16 കുത്തന്നൂർ | ബുഷറ W/o അലിമുത്തു , പാറപ്പൊറ്റ വീട്, തോലന്നൂർ, കുത്തന്നൂർ | 153 | 17500 |
| | തങ്കമണി W/o ചന്ദ്രൻ, പൂളക്കപറമ്പ്, തോലന്നൂർ | 57 | 17500 |
| 2014-15 & 2015-16 കോട്ടായി | രാധാകൃഷ്ണൻ S/o ചാമി, ചേവയിൽ, പുളിനെല്ലി, കോട്ടായി | 10 | 27500 |
| | അംബിക W/o ജയപ്രകാശ്, കൊടിമുടിപ്പടി വീട്, വറോട് കോട്ടായി | 12 | 27500 |
| | പ്രീത W/o രാമൻകുട്ടി, കണിയാട്ടുപറമ്പ്, കരിയങ്കോട്, കോട്ടായി | 19 | 55500 |
| 2014-15 & 2015-16 പെരിങ്ങോട്ടുകുറിശ്ശി | കുഞ്ഞിമാളു W/o ചാമി, കുണ്ടുകാട്, നടുവത്തപ്പാറ | 53 | 17500 |
| 2014-15 & 2015-16 തേങ്കുറിശ്ശി | പ്രിയ W/o രതീഷ്, പരിയാരത്ത്, മുരങ്ങമല, വെമ്പലൂർ | 36 | 27500 |
| | ഷാജിത W/o മുഹമ്മദ് അബ്ബാസ്, ചെരിപ്പിടാംപാറ, വെമ്പലൂർ | 114 | 27500 |
| 2016-17 | ചെല്ല, കിഴക്കംപാടം, കിണാശ്ശേരി, കണ്ണാടി | 22 | 48,000 |
| | സുധ W/o മാണിക്കൻ, കാതോട് വീട് കോതമംഗലം | 78 | 96,000 |
| | നിർമ്മല W/o ചന്ദ്രൻ, കലത്തുംപടി, കണ്ണന്നൂർ | 95 | 48,000 |
| | നടരാജൻ S/o വേലൻ മേലേപ്പുര വീട്, വിളയൻചാത്തന്നൂർ | 166 | 48,000 |

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-16 ൽ IAY/PMAY പദ്ധതികൾ- ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കാൻ നിർദ്ദേശിച്ചിരുന്നു.

ഒന്നും രണ്ടും ഗഡു മാത്രം കൈപ്പറ്റി പണി പൂർത്തീകരിക്കാത്തപക്ഷം അനുവദിച്ച ധനസഹായം പലിശ സഹിതം തിരിച്ച പിടിക്കാൻ നിയമപരമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് റിക്വസിഷൻ 23/20.02.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ- മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങി വികലാംഗ ക്ഷേമം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയത്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. പ്രൊജക്ട് | 94/21 ആനന്ദം- ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ (സ്പിൽ ഓവർ) |
| അടങ്കൽ | 367450 രൂപ വികസന ഫണ്ട് |
| ചെലവ് | 358264 രൂപ |
| ബിൽ നം. | 05/21- 11.04.2020.- 358264 രൂപ |
| ഇൻവോയ്സ് നം. | PKDBC/000081/01.11.2019- 858264 |
| നിർവ്വഹണം | സി.ഡി.പി.ഓ |

| | |
|---|---|
| 2 പ് രൊജക്ട് | 95/21 മധുരം- ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ ( സ്പിൽ ഓവർ) |
| അടങ്കൽ | 76030 രൂപ വികസന ഫണ്ട് |
| ചെലവ് | 76030 രൂപ |
| ബിൽ നം. | 08/21- 11.04.2020.- 76030 രൂപ |
| ഇൻവോയ്സ് നം. | PKDBC/0000255/17.03.2020- 76030 |
| നിർവ്വഹണം | സി.ഡി.പി.ഓ |

| | |
|---|---|
| 3 പ്രൊജക്ട് | 100/21 ആനന്ദം- ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ - എസ്.സി.പി. (സ്പിൽ ഓവർ) |
| അടങ്കൽ | 150000 രൂപ വികസന ഫണ്ട് |
| ചെലവ് | 138502 രൂപ |
| ബിൽ നം. | 10/21- 11.04.2020.- 138502 രൂപ |
| ഇൻവോയ്സ് നം. | PKDBC/000256/17.03.2020- 138502 |
| നിർവ്വഹണം | സി.ഡി.പി.ഓ |

| | |
|---|---|
| 4 പ്രൊജക്ട് | 101/21 മധുരം- ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ ( സ്പിൽ ഓവർ) |
| അടങ്കൽ | 114753 രൂപ വികസന ഫണ്ട് |

| | |
|---|---|
| ചെലവ് | 114753 രൂപ |
| ബിൽ നം. | 09/21- 11.04.2020.- 114753 രൂപ |
| ഇൻവോയ്സ് നം. | PKDBC/000254/17.03.2020- 114753 |
| നിർവ്വഹണം | സി.ഡി.പി.ഓ |

ഭിന്നശേഷിക്കാരുടെ അർഹതാ നിർണ്ണയം നടത്തുന്നതിന് 14.11.2019 ന് മെഡിക്കൽ ക്യാമ്പ് നടത്തുകയും, ക്യാമ്പിൽ പങ്കെടുത്ത, ഉപകരണങ്ങൾ ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തി വിവിധ ഗ്രാമപഞ്ചായത്തുകൾ ബ്ലോക്കിന് നൽകുകയും ചെയ്തിട്ടുണ്ട്.

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.4 (1) ൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ, വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷനിൽ നിന്നോ വാങ്ങാവുന്നതാണെന്നും, ഖണ്ഡിക 7.1.4 (3) ടെണ്ടർ കൂടാതെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും, വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാങ്ങലിന് വികലാംഗ ക്ഷേമ കോർപ്പറേഷനേയോ, കെൽട്രോണിനേയോ സമീപിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ (KSIE) നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ആയതിന് ശുപാർശ നൽകിയിട്ടുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെയോ, ഭരണസമിതിയുടെയോ തീരുമാനത്തിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിവിധ പ്രോജക്ടുകളിലായി ഏറ്റവും അധികം തുക ചെലവഴിച്ചിരിക്കുന്നത് കേൾവി ശക്തി ലഭിക്കുന്നതിനുള്ള ഉപകരണങ്ങളായ Moderate Class Digital Multi Channal BTE Hearing Aid (@ 8990, Profound Class Digital Multi Channal BTE Hearing Aid (@ 18990 രൂപ ഒന്നിന്), Severe Class Digital Multi Channal BTE Hearing Aid (@ 14835 രൂപ) എന്നിവയാണ്. സ്റ്റോർ പർചേയസ് ഡിപ്പാർട്ടുമെന്റിന്റെ 22.02.2018 ലെ SPDR/2018/00013 നം.ഉത്തരവ് പ്രകാരം KSIE യ്ക്ക് സർക്കാരുമായുള്ള റേറ്റ് കോൺട്രാക്ട് 25.04.2018 മുതൽ 24.04.2019 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് . പ്രസ്തുത ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള 105 സാധനങ്ങളുടെ ലിസ്റ്റിൽ കേൾവി ശക്തി ഉപകരണങ്ങൾ ഉൾപ്പെടുന്നില്ല. ബിൽ തുക നൽകുമ്പോൾ ബാധകമായ നികുതികൾ കുറവ് ചെയ്തതായി കാണുന്നില്ല.

ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ, കെൽട്രോൺ എന്നിവിടങ്ങളിൽ ലഭ്യമായിരിക്കെ , സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സർക്കാരുമായുള്ള റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഇല്ലാത്ത ഉപകരണം ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങിയതിനും, മേൽ സ്ഥാപനത്തിന്റെ ബില്ലുകളിൽ നിന്ന് GST (TDS -2%) ഈടാക്കാതെ തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/15.02.2022) 2018-19 വർഷത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പിലെ അർഹരായ ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് മുൻപ് തന്നെ സപ്ലൈ ഓർഡർ നൽകിയതെന്നും 2019-20 വർഷത്തിലെ മെഡിക്കൽ ക്യാമ്പിലെ ഗുണഭോക്താക്കളെ ഭരണ സമിതികൾ അംഗീകരിച്ച് തന്നത് 01/2020 ആയെന്നും പ്രസ്തുത ഗുണഭോക്താക്കൾക്കാണ് 2020-21 വർഷത്തിൽ ഉപകരണങ്ങൾ നൽകിയതെന്നും , TDS പിടിക്കുന്നതിന് വിട്ടുപോയതാണെന്നും , നടപ്പുവർഷത്തിലെ വാങ്ങലുകളിൽ TDS -2% ഈടാക്കിയിട്ടുണ്ടെന്നും, കേൾവി ശക്തി ഉപകരണങ്ങൾ KSIE യുടെ റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടുന്നില്ല എന്നകാര്യം ശ്രദ്ധയിൽപെട്ടില്ല എന്നും, പദ്ധതി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനും, കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നതു കൊണ്ടുമാണ് KSIE യിൽനിന്നും വാങ്ങിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സബ്സിഡി മാർഗരേഖ, പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങലുകൾ നടത്തേണ്ടതാണ്.

* ബിൽ നൽകുമ്പോൾ തന്നെ നിയമാനുസൃത നികുതികൾ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
* കരാറുകാരൻ ഇൻവോയ്സിൽ കാണിച്ച മുഴുവൻ തുകകളുടെയും GST കേന്ദ്ര-സംസ്ഥാന സർക്കാറുകളിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതണ്.

1-25 ഭിന്നശേഷി സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം-മുഴുവൻ തുകക്കുമുള്ള ധനവിനിയോഗ സാകഷ്യപത്രം ലഭ്യമായിട്ടില്ല

ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ (CDPO)നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഭിന്നശേഷി സ്കോളർഷിപ്പിനായി ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ നമ്പർ തീയതി | ഗ്രാമപഞ്ചായത്തു കൾക്ക് നൽകിയ തുക | ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിച്ച തുക |
|---|---|---|---|
| 133/21ഭിന്നശേഷി സ്കോളർഷിപ്പ്-ജനറൽ | CB 01/21 തീ 12.02.21 തുക 200000 | കുഴൽമന്ദം 200000 | 200000 |
| | CB 02/21 തീ 12.02.21 തുക 190000 | തേങ്കുർശി-190000 | 190000 |
| | CB 03/21 തീ 12.02.21 തുക 240500 | കണ്ണാടി 240500 | 240500 |
| | CB 05/21 തീ 20.02.21 തുക 268000 | മാത്തൂർ-268000 | 0 |
| | CB 06/21 തീ 20.02.21 തുക 150000 | കുത്തനൂർ 150000 | 150000 |
| | CB 07/21 തീ 20.02.21 തുക 170000 | കോട്ടായി 170000 | 170000 |
| | CB 08/21 തീ 09.03.21 തുക 6500 | തേങ്കുർശി 6500 | 6500 |
| | CB 10/21 തീ26.03.21 തുക 75000 | പെരിങ്ങോട്ടുകുർശ്ശി 75000 | 75000 |
| | ആകെ | 1300000 | 1032000 |

| പ്രോജക്ട് | ബിൽ നമ്പർ | ഗ്രാമപഞ്ചായത്തു കൾക്ക് നൽകിയ | ധനവിനിയോഗ സാക്ഷ്യപത്രം |
|---|---|---|---|

| | തീയതി | തുക | പ്രകാരം ചെലവഴിച്ച തുക |
|---|---|---|---|
| 146/21ഭിന്നശേഷി സ്കോളർഷിപ്പ് എസ്.സി.പി | CB 04/21 തീ 15.02.21 തുക 66000 | മാത്തൂർ 66000 | 0 |
| | CB 09/21 തീ 12.03.21 തുക 33000 | മാത്തൂർ 33000 | 0 |
| ആകെ | | 99000 | 0 |

മാത്തൂർ ഒഴികെ മറ്റു എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/16.02.2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് മാത്തൂർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രോജക്ടുകളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

1-26 പെൺകുട്ടികൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ്- മാർഗരേഖയ്ക്ക് വിരുദ്ധം

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളിലെ 17 മുതൽ 25 വയസുവരെയുള്ള വിവാഹം കഴിക്കാൻ തയ്യാറെടുക്കുന്നവരെ കണ്ടെത്തി അവർക്ക് 3 ദിവസത്തെ വിവാഹ പൂർവ്വ കൗൺസിലിംഗ് നൽകുകയാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | 11/21 ഒരുക്കം-പെൺകുട്ടികൾക്ക് വിവാഹ പൂർവ്വ കൗൺസിലിംഗ് |
| അടങ്കൽ | 50000 രൂപ വികസന ഫണ്ട് |
| ചെലവ് | 23406 രൂപ |
| ബിൽ നം | 12/21-തീ.27.03.2021- 23406 രൂപ |
| നിർവ്വഹണം | ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ |

പ്രോജക്ടിന്റെ ഭാഗമായി തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് ഹാളിൽ 24.03.2021, 25.03.2021 എന്നീ ദിവസങ്ങളിലായി വിവാഹം, കുടുംബം, സ്ത്രീ-പുരുഷ ജീവശാസ്ത്രം, കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത, മാതൃകാപരമായ കുടുംബ ജീവിതം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ എടുക്കുകയും, 86 പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.4.4 പ്രകാരം കൗമാരക്കാരായ പെൺകുട്ടികൾക്ക്, നിർദ്ദിഷ്ട യോഗ്യതയുള്ള കൗൺസിലർമാരെ ഉപയോഗിച്ച് കൗൺസിലിംഗ് നൽകാവുന്നതാണെന്നും നഗരസഭകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കുമാണ് പ്രോജക്ട് ഏറ്റെടുക്കാവുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്, ഖണ്ഡിക 2.2 പ്രകാരം മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിനും തുക നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും, ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണെന്നും, വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള

വർഷങ്ങളിലേക്കുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 7.8.1.(4) പ്രകാരം സാമൂഹ്യ തിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും, ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവത്കരണം നടത്തുന്നതിനും അനുയോജ്യമായ പ്രോജക്ടുകൾ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ഭാഗമായി കൗൺസിലിംഗ് നൽകിയ വിഷയങ്ങൾ ഇതിൽപ്പെടുന്നവയല്ല.

പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/16.02.2022) 2019-20 വർഷത്തെ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ്, ലഹരി ഉപയോഗം കൊണ്ട് ശിഥിലമായ കുടുംബത്തിലെ കുട്ടികൾ, 17 വയസിൽ തന്നെ വിവാഹത്തിന് വിധേയമാകുന്ന കുട്ടികൾ , അതിക്രമങ്ങൾക്ക് വിധേയരായവർ എന്നിവരെ വനിതാ ശിശു വകുപ്പിന്റെ Reliable Mapping ലൂടെ കണ്ടെത്തിയാണ് ക്യാമ്പ് സംഘടിപ്പിച്ചതെന്നും, താഴെ തട്ടിലുള്ള ജെന്റർ ഡസ്കുകൾ കേന്ദ്രീകരിച്ച് ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രചോദനമാകുന്നതിനു വേണ്ടിയാണ് പ്രോജക്ട് നടപ്പിലാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമ/ജില്ലാ പഞ്ചായത്തുകളിൽ ജെന്റർ റിസോഴ്സ് സെന്ററുകൾ ഫലപ്രദമായി പ്രവർത്തിക്കുകയും ഇത്തരം കൗൺസിലിംങ്ങുകൾ അവർ നടത്തുകയും ചെയ്തുവരുന്നതിനാൽ, സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതിന് സാധൂകരണം ലഭ്യമാകുന്നതുവരെ ചെലവ് തുക 23406 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ലൈഫ് മിഷൻ പദ്ധതി-തുക വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വിവിധ ബില്ലുകൾ പ്രകാരം പിൻവലിച്ച പദ്ധതി പണം താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയിട്ടുണ്ട്. ആയതിനാൽ പദ്ധതികളുടെ തുക വിനിയോഗ വിവരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 6/21- ലൈഫ് മിഷൻ വിഹിതം 2020-21 (SCP) | അടങ്കൽ/ഫണ്ടിനം | 5640678 (പ്ലാൻ SCP ) |
| ചെലവ് | 3865000 | ബിൽ നം /തീ: | അക്കൗണ്ട് ട്രാൻസ്ഫർ |
| നിർവ്വണോദ്യാഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

| ഗ്രാമപഞ്ചായത്ത് | അക്കൗണ്ട് നം | മിഷൻ-ഭവനം-SCPലൈഫ് പ്രകാരം നല്കിയ തുക |
|---|---|---|
| കോട്ടായി ഗ്രാമപഞ്ചായത്ത് | 799011400001206 | 500000 |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 799011400001666 | 436000 |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 799011400001666 | 480000 |
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 799011400001692 | 480000 |
| കണ്ണാടി ഗ്രാമപഞ്ചായത്ത് | 799011400001316 | 240000 |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 799011400001666 | 419000 |
| കോട്ടായി ഗ്രാമപഞ്ചായത്ത് | 799011400001206 | 520000 |

| | | |
|---|---|---|
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 799011400001692 | 470000 |
| പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്ത് | 799011400001584 | 320000 |
| ആകെ | | 3865000 |

മേൽപറഞ്ഞ പഞ്ചായത്തുകൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (14/18.2.22) നൽകിയെങ്കിലും ഹാജരാക്കിയില്ല. മേൽ പറഞ്ഞ പ്രൊജക്ടിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 സുസ്മേരം-ഗവ.ഐ.ടി.ഐ കുഴൽമന്ദം, ഹൈസ്കൂൾ,ഹയർസെക്കണ്ടറി സ്കൂളുകൾക്ക് നാപ്കിൻ, വെന്റിംഗ് മെഷീൻ, ഇൻസിനേറ്റർ എന്നിവ സ്ഥാപിക്കൽ

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 111/21- സുസ്മേരം- ഗവ.ഐ.ടി.ഐ കുഴൽമന്ദം, ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകൾക്ക് നാപ്കിൻ, വെന്റിംഗ് മെഷീൻ, ഇൻസിനേറ്റർ എന്നിവ സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 270000 (പ്ലാൻ SCP ) |
| ചെലവ് | 261867 | ബിൽ നം /തീ: | 3/20.4.20 -130934 |
| | | | 21/11.1.21-130933 |
| നിർവ്വണോദ്യാഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിൽ ഷീ പാഡ്, അലമാര, ഇൻസിനറേറ്റർ ഇവ നൽകി വിദ്യാർത്ഥിനികളുടെ ശുചിത്വവും ആരോഗ്യവും ഉറപ്പ വരുത്തുക എന്നതാണ് പദ്ധതിലക്ഷ്യം. കേരള സംസ്ഥാന വനിതാവികസന കേർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പ്, തുക കൈമാറൽ, സാധനങ്ങളുടെ കൃത്യമായ ലഭ്യത ഇവ പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

വനിതാവികസന കോർപ്പറേഷന്റെ 20.11.20ലെ KSWDC/P5/She-pad/PKD/2018-19/2019-20 ധനവിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം താഴെ പറയുന്ന സ്കൂളുകളാണ് പദ്ധതിപ്പണം വിനിയോഗിച്ചിട്ടുള്ളത്.

| ക്രമനം. | സ്കൂളിന്റെ പേര് | ഷീപാഡ് | | അലമാര | | ഇൻസിനറേറ്റർ | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | Govt HSS Thenkurissi | 500 | 8355 | 1 | 17380 | 1 | 25168 |
| 2 | Govt HSS Kottai | 620 | 10360 | 1 | 17380 | 1 | 25168 |
| 3 | Govt HSS Peringottukurissi | 500 | 8355 | 1 | 17380 | 1 | 25168 |
| 4 | Govt HS Peringottukurissi | 720 | 12031 | 1 | 17380 | 1 | 25168 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | Govt HS Bammannur Paruthippully | 600 | 10026 | 1 | 17380 | 1 | 25168 |
| 6 | | 2940 | 49127 | 5 | 86900 | 5 | 125840 |
| ആകെ തുക | | 261867 | | | | | |

(1) തദ്ദേശ സ്വയംഭരണ ( ഡി.എ) വകുപ്പ് -സ.ഉ (കൈ) 11/2018/ത.സ്വ.ഭ.വ, തീയ്യതി 29.01.2018 – ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ- ഖ. 6.3(7) പ്രകാരം യു.പി. ഹൈസ്കൂൾ, ഹയർസെക്കൻറി സ്കൂളുകളിലെ പെൺകുട്ടികൾക്ക് നാപ്കിൻ വിതരണം ഉൾപ്പെടെയുള്ള പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക മാത്രമേ നിർവഹിക്കാൻ പാടുള്ളൂ.

(2) കേരളാ പഞ്ചായത്ത് രാജ് നിയമം 1994 – പട്ടിക – III പ്രകാരം പ്രാഥമിക-വിദ്യാലയങ്ങളുടെ ചുമതല ഗ്രാമ പഞ്ചായത്തുകൾക്കും, പട്ടിക V പ്രകാരം ഹൈസ്കൂൾ - ഹയർസെക്കന്ററി സ്കൂളുകളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്കും ആണെന്നിരിക്കെ, ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാര പരിധിയിലില്ലാത്ത സ്ഥാപനങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രൊജക്ടുകളുടെ ഇരട്ടിപ്പ് സംഭവിച്ചിട്ടില്ല എന്നുറപ്പാക്കിയിട്ടില്ല.

(3) ടി സ്കൂളുകളിൽ മേൽ പറഞ്ഞ മെഷിനുകൾ പ്രവർത്തനക്ഷമമായത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുടെ, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 13/18.2.2022) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ കാരണങ്ങളാൽ 261867/- രൂപ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-29 ജനകീയ ഹോട്ടൽ -ഗ്രാമപഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 132/21- ജനകീയ ഹോട്ടൽ -ഗ്രാമപഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ | അടങ്കൽ/ഫണ്ടിനം | 140000 (പ്ലാൻ ജനറൽ ) |
| ചെലവ് | 60000 | ബിൽ നം /തീ: | 29/30.3.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

പ്രസ്തുത പ്രൊജക്ട് പ്രകാരം 60000 രൂപ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | അക്കൗണ്ട് നം | തുക |
|---|---|---|
| കോട്ടായി ഗ്രാമപഞ്ചായത്ത് | 34074181034 | 20000 |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 0745101012517 | 20000 |
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 67383074069 | 20000 |
| ആകെ | | 60000 |

പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/17.02.22) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-30 ബ്ലോക്ക് വികസന ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ മെയിന്റൻസ് ഫണ്ട് ഉപയോഗിച്ചു-തുക തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 155/21-ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിലെ സോളാർ പാനൽ മാറ്റി സ്ഥാപിക്കൽ | അടങ്കൽ/ഫണ്ടിനം | 200000 (മെയിന്റൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 200000 | ബിൽ നം /തീ: | 28/18.3.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

ബ്ലോക്ക് പഞ്ചായത്തിലുള്ള ബ്ലോക്ക് വികസന ഓഫീസ് കെട്ടിടത്തിന്റെ മുകളിൽ സ്ഥാപിച്ച സോളാർ പാനൽ കണക്ഷൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയാണ് 200000 രൂപ മെയിന്റൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നത്. 20.02.21 ന് കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട് No.MKTG/F1/SP21-45 /PEG(S)/20-21/246 (Supply,installation Of 7.5KVA Off Grid PCU, 10 Nos Of 12 V 150 Ah GEL Battery,cabling,Earthing And Related Works For Commmissioning Of System) പ്രകാരം 645000 രൂപയാണ് ചെലവ് തുക. ആയതിന്റെ അഡ്വാൻസ് തുകയായി 200000 രൂപ ബിൽ നമ്പർ 28/18.3.21 പ്രകാരം കെൽട്രോണിന് നൽകുകയും അഗ്രിമെന്റ് വെക്കുകയും ചെയ്തിട്ടുണ്ട്.(അഗ്രിമെന്റ് നം-18/2020-21 Dt 25.02.21). അഗ്രിമെന്റിലെ ക്രമ നമ്പർ 3 പ്രകാരം അഡ്വാൻസ് നൽകി 2 മാസത്തിനകം പണി പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥയെങ്കിലും ഇത് സംബന്ധിച്ച് തുടർനടപടികളൊന്നും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

ബ്ലോക്ക് വികസന ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) ആണ് ഉപയോഗിച്ചിരിക്കുന്നത്. G.O(MS) No.330/2004 ത.സ്വ.ഭ.വ തീയ്യതി 9.12.2004 പ്രകാരം മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ചെലവുകൾക്കാണ് വിനിയോഗിക്കേണ്ടത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (18/18.02.22) നൽകിയിരുന്നുവെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 200000 രൂപ തടസ്സപ്പെടുത്തുന്നു.

1-31 രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 77/21-ജില്ലാ/യൂണിവേഴ്സിറ്റി തല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ നൽകൽ | അടങ്കൽ/ഫണ്ടിനം | 150000 (പ്ലാൻ ജനറൽ ) |
| ചെലവ് | 135090 | ബിൽ നം /തീ: | 1/20.4.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | ബ്ലോക്ക് പഞ്ചായത്ത് |

| | |
|---|---|
| | സെക്രട്ടറി |

ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ, യൂണിവേഴ്സിറ്റിതല മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലകളിൽ തുടർന്നും പ്രവർത്തിക്കാനും കഴിവ് വികസിപ്പിക്കാനും സഹായകമാകുന്ന തരത്തിൽ പ്രോൽസാഹനവും പിന്തുണയും നൽകുന്നതിനായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്. സ്കൂൾ തലത്തിൽ ജില്ലാതല ഒന്നാം സ്ഥാനക്കാർക്ക് 5000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 2500 രൂപയും യൂണിവേഴ്സിറ്റിതലത്തിൽ സംസ്ഥാനതല ഒന്നാം സ്ഥാന വിജയിക്ക് 7000 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 4000 രൂപയും നൽകുന്നു.

മേൽപറഞ്ഞ പ്രൊജക്റ്റിന് ടെണ്ടർ വിളിക്കുകയും പ്ലേ വെൽ സ്പോർട്സ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും താഴെ പറയുന്ന ബിൽ പ്രകാരം 135090 രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (നം.382095221570ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്.

| Item | Quantity | Rate | Total |
|---|---|---|---|
| T Shirt -Placati (Honey Comb) | 126 | 210 | 26460 |
| Lower -Placaty (Super Poly Thick) | 126 | 295 | 37170 |
| Running Spike(ASE) | 12 | 630 | 7560 |
| Shoes | 60 | 540 | 32400 |
| Bag Kit | 126 | 250 | 31500 |
| Total | | | 135090 |

പ്രസ്തുത പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രൊജക്റ്റ് വിഭാവനം ചെയ്തത് വിജയികൾക്ക് ക്യാഷ് തുക നൽകാനാണ്. എന്നാൽ ഇതിനു വിരുദ്ധമായി മുകളിൽ പറഞ്ഞിരിക്കുന്ന സാധനങ്ങൾ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

2) പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും ആർക്കെല്ലാം വിതരണം ചെയ്തു എന്നതിന്റെയും രേഖകൾ ഇല്ല.

ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 135090 രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ താഴെ പറയുന്ന 2 വാഹനങ്ങൾ പരിപാലിക്കുന്നുണ്ട്.

വാഹനം

1.Mahindra Jeep- (രജിസ്ട്രേഷൻ നം.- KL-9M/7175)

2.Mahindra Xylo- (രജിസ്ട്രേഷൻ നം.- KL-49B/8181)

2020-21 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാഹനം | ഇന്ധന ചെലവ് | റിപ്പയർ ചെലവ് |
|---|---|---|
| KL-9M/7175 | 73820 | 98237 |
| KL-49B/8181 | 113030 | |

| | | |
|---|---|---|
| Total | 186850 | 98237 |

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്
2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്
3. റിപ്പയർ രജിസ്റ്റർ
4. ഫ്യുവൽ രജിസ്റ്റർ

- ആയതിൽ ലോഗ് ബുക്ക് മാത്രമാണ് ഹാജരാക്കിയത്. ബാക്കി രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഓരോ വാഹനത്തിന്റെയും മെയിന്റിനൻസ്, ഇന്ധനച്ചെലവ് എന്നിവ വേർതിരിച്ച് സൂക്ഷിക്കുന്നില്ല. ആകയാൽ ഓരോ വാഹനത്തിന്റെയും പ്രവർത്തനക്ഷമത ഓഡിറ്റിന് വിലയിരുത്താൻ കഴിഞ്ഞില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വാഹന പരിപാലന ചെലവ് രജിസ്റ്ററുകൾ സൂക്ഷിച്ച് സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ ചെലവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

- ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം., വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

ഇന്ധനത്തിന്റെ ഉപയോഗക്ഷമത പരിശോധിക്കൽ

ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ലോഗ് ബുക്ക് പ്രകാരം വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് 2020-21 വർഷങ്ങളിൽ നടത്തിയിട്ടില്ല എന്ന് കാണുന്നു.

ഫ്യുവൽ ടെസ്റ്റ് സമയബന്ധിതമായി നടത്താത്തതിനാൽ വാഹനത്തിന്റെ മൈലേജ് ഗണ്യമായി കുറയുന്നുണ്ടോ എന്നും ഇന്ധനത്തിന്റെ ഉപയോഗം വർദ്ധിക്കുന്നുണ്ടോ എന്നും അറിയുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

വാഹന പുക ടെസ്റ്റ്

വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ജി.ഒ(പി)നം. 161/2006/ധന തിയതി 31-03-2006 പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിൽ വാഹനത്തിന്റെ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

- മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/23-02-2022) മറുപടിയൊന്നും സമർപ്പിച്ചില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- സ.ഉ(എം.എസ്)നം. 170/2007/തസ്വഭവ തിയതി 30-06-2007 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചുകൊണ്ട് വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.
- ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തേണ്ടതാണ്.
- വാഹനത്തിന്റെ പുക ടെസ്റ്റ് നടത്തി സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്.

. വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിക്കേണ്ടതാണ്.

1-33 അതിജീവനം-വയോജനക്ഷേമം ആരോഗ്യപദ്ധതി -രേഖകൾ ഹാജരാക്കിയില്ല

പ്രിന്റിംഗ്, സ്റ്റേഷനറി, വളണ്ടിയർമാരുടെ പരിശോധന, സർവ്വെ എന്നിവ ഒന്നാം ഘട്ടമായും പഞ്ചായത്ത് തലത്തിലുള്ള ലാബ് പരിശോധനയും സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് രണ്ടാം ഘട്ടമായും നടത്തി പട്ടികജാതിയിൽപെട്ട വയോജനങ്ങളുടെ സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതിക്കു വേണ്ടി 2018-19 ൽ നടപ്പാക്കിയ സായംസന്ധ്യ- വയോജനങ്ങളുടെ സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി (എസ് സി) - എന്ന പ്രൊജക്ടിന്റെ തുടർച്ചയായാണ് ഈ പ്രൊജക്ട് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ രണ്ടാം ഘട്ടമായി നടപ്പാക്കാനുദ്ദേശിച്ച മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 2 പ്രൊജക്ടുകൾ തൻവർഷം നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടുകളുടെ ചെലവുകൾക്ക് ആസ്പദമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

1) പ്രൊജക്ട് നമ്പർ -20/21

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 20/21-അതിജീവനം-വയോജനക്ഷേമം ആരോഗ്യപദ്ധതി | അടങ്കൽ/ഫണ്ടിനം | 1500000 (പദ്ധതി വിഹിതം- SCP ) |
| ചെലവ് | 1235303 | ബിൽ നം /തീ: | താഴെ കൊടുത്തിട്ടുണ്ട്. |
| നിർവ്വഹണോദ്യോഗസ്ഥൻ | | | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |

| ബിൽ നമ്പർ/തീയ്യതി | തുക | ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|
| 33/5.3.21 | 573000 | Health Volunteer ന് ഓണറേറിയം നൽകിയത് (July 20 To January 21) |
| 36/18.3.21 | 69000 | Health Volunteer ന് ഓണറേറിയം നൽകിയത് (Feb 21) |
| 39/18.3.21 | 482160 | Excel Enterprises ന് നൽകിയത് |
| 43/30.3.21 | 42143 | മരുന്ന് വാങ്ങിയത് |
| 44/30.3.21 | 69000 | Health Volunteer ന് ഓണറേറിയം നൽകിയത് (March 21) |

2. പ്രൊജക്ട് നമ്പർ - 104/21

| | | | |
|---|---|---|---|
| പ്രൊജക്ട് നം: പേര് | 104/21-അതിജീവനം-വയോജനക്ഷേമം ആരോഗ്യപദ്ധതി (So) | അടങ്കൽ/ഫണ്ടിനം | 1357514 (പദ്ധതി വിഹിതം- SCP ) |

| | | | |
|---|---|---|---|
| ചെലവ് | 1298514 | ബിൽ നം /തീ: | താഴെ കൊടുത്തിട്ടുണ്ട്. |
| നിർവ്വഹണോദ്യോഗസ്ഥൻ | | | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |

| ബിൽ നമ്പർ/തീയ്യതി | തുക | ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|
| 2/7.5.20 | 65211 | മരുന്ന്, ഭക്ഷണചെലവ് തുടങ്ങിയവ |
| 3/7.5.20 | 99152 | Excel Enterprises ന് നൽകിയത് |
| 5/7.5.20 | 479351 | Excel Enterprises ന് നൽകിയത് |
| 7/7.5.20 | 58000 | Neethi Diagnostic Centre ന് നൽകിയത് |
| 8/7..20 | 87000 | Health Volunteer ന് ഓണറേറിയം നൽകിയത് (Feb 20) |
| 9/7.5.20 | 161800 | Neethi Diagnostic Centre ന് നൽകിയത് |
| 10/7.5.20 | 87000 | Health Volunteer ന് ഓണറേറിയം നൽകിയത് (March 20) |
| 15/26.8.20 | 261000 | Health Volunteer ന് ഓണറേറിയം നൽകിയത് (April,May,June 2020) |

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (32/24.02.22) നൽകിയിരുന്നുവെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2533817 രൂപ തടസ്സപ്പെടുത്തുന്നു.

1-34 സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ, ലാബ് റീ-ഏജന്റുകൾ,ഫാർമസി സ്റ്റോർ, സി.സി.ടി.വി, കർട്ടൻ ഫർണ്ണിച്ചർ റിപ്പയർ എന്നിവ വാങ്ങൽ-തുക തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| 59/21- സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ, ലാബ് റീ-ഏജന്റുകൾ, ഫാർമസി സ്റ്റോർ, സി.സി.ടി.വി, | അടങ്കൽ/ഫണ്ടിനം | 500000 (മെയിന്റനൻസ് ഫണ്ട് ) | |

| | | | |
|---|---|---|---|
| കർട്ടൻ ഫർണ്ണിച്ചർ റിപ്പയർ എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾ | | | |
| ചെലവ് | 500000 | ബിൽ നം /തീ: | 4/7.5.20-291326 6/7.5.20-208674 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി |

പ്രസ്തുത പ്രൊജക്ടിൽ താഴെ പറയും പ്രകാരം 500000 രൂപ ചെലവഴിച്ചിട്ടുണ്ട്.
1)ബിൽ ബുക്ക് 4/7.5.20 പ്രകാരം 291326 രൂപ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയതിന് ആർട്ട്കോക്ക് (അക്കൗണ്ട് നം-37084134400) നൽകിയിട്ടുണ്ട്.

| Item | Quantity | Rate | Amount | Tax | Total |
|---|---|---|---|---|---|
| Matress For Hospital Cot | 20 | 4180 | 83600 | CGST-7524 SGST-7524 CESS-836 | 98648 |
| Vertical Blinds For Windows | 272 Sqft | 200 | 54400 | CGST-3264 SGST-3264 CESS-544 | 60928 |
| Cloth Curtain | 147 Sqft | 150 | 22050 | CGST-1323 SGST-1323 CESS-220.50 | 24696 |
| CCTV Installation | 1 | 89060 | 89060 | CGST-8015.40 SGST-8015.40 CESS-890.60 | 105090 |

G.O (Rt) No. 4/18/SPD Dt 2.2.2018 പ്രകാരം ആർട്ട്കോയിൽ നിന്നും വാങ്ങാവുന്ന ഉപകരണങ്ങളുടെ ലിസ്റ്റിൽ CCTV Installation ഉൾപ്പെടുന്നില്ല.

2)പ്രസ്തുത പ്രൊജക്ടിൽ ബിൽ നമ്പർ 6/7.5.20 പ്രകാരം 208674 രൂപ മേശ, കസേര തുടങ്ങിയ ഉപകരണങ്ങൾ വാങ്ങാൻ സിഡ്കോക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ ഹാജരാക്കിയില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (30/24.02.2022) മറുപടിയൊന്നും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 500000 രൂപ തടസ്സപ്പെടുത്തുന്നു.

1-35 സി.എച്ച്.സി യിലേക്ക് ഉപകരണങ്ങൾ, ലാബ് റീ-ഏജന്റുകൾ,ഫാർമസി സ്റ്റോർ, സി.സി.ടി.വി, കർട്ടൻ ഫർണ്ണിച്ചർ റിപ്പയർ എന്നിവ ഉൾപ്പെടെയുള്ള ചെലവുകള്

| | | | |
|---|---|---|---|
| പേര്/പ്രൊജക്ട് | 59/21 -CHC | അടങ്കൽ/ഫണ്ടിനം | 500000 (MGNR ) |

| | | | |
|---|---|---|---|
| നം. | യിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | | |
| ചെലവ് | 396822 | ബിൽ നം: | 35/21/12.3.21-195889<br>37/21/18.3.21-38500<br>38/21/28.3.21-91281<br>42/21/30.3.21-49705<br>46/21/30.3.21-21447 |
| നിർവ്വഹണം | MO ,CHC | | |

| ക്രമനമ്പർ | ബിൽ നമ്പർ/തീയ്യതി | തുക | ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 35/12.3.21 | 195889 | 104608-BPL Medical Technologies Private Limited (ഉപകരണങ്ങൾ വാങ്ങിയത്)<br>91281-AAST MEDI TECH PRIVATE LIMITED (Inverter,Tubular Battery എന്നിവ വാങ്ങിയത്) |
| 2 | 37/18.3.21 | 38500 | Madhav IT Magic, Kuzhalmannam (HP DESKTOP, MONITOR,UPS) എന്നിവ വാങ്ങിയത് |
| 3 | 38/18.3.21 | 91281 | AAST MEDI TECH PRIVATE LIMITED (Inverter, Tubular Battery എന്നിവ വാങ്ങിയത്) |
| 4 | 42/30.3.21 | 49705 | Excel Enterprises ന് നൽകിയത് (വിവിധ സാധനങ്ങൾ വാങ്ങുന്നതിന്) |
| 5 | 46/30.3.21 | 21447 | Excel Enterprises ന് നൽകിയത് (വിവിധ സാധനങ്ങൾ വാങ്ങുന്നതിന്) |
| Total | | 396822 | |

പ്രസ്തുത പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) മേൽ പറഞ്ഞ ചെലവുകൾക്ക് ആസ്പദമായ രേഖകൾ (ക്വട്ടേഷൻ, ടെണ്ടർ രേഖകൾ ഹാജരാക്കിയിട്ടില്ല)

2)ചെലവ് രേഖകളായി ഹാജരാക്കിയിരിക്കുന്നത് പ്രൊഫോർമ ഇൻവോയ്സ് ആണ്. ബിൽ ഹാജരാക്കിയിട്ടില്ല.

3) AAST MEDI TECH PRIVATE LIMITED എന്ന സ്ഥാപനത്തിൽ നിന്നും Inverter,Tubular Battery എന്നിവ ക്രമനമ്പർ 1 പ്രകാരവും ക്രമനമ്പർ 3 പ്രകാരവും വാങ്ങിയതായി കാണുന്നു. ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4)HP DESKTOP, MONITOR,UPS എന്നിവ ക്വട്ടേഷൻ/ടെണ്ടർ എന്നിവ കൂടാതെ Madhav IT Magic, Kuzhalmannam എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നു. 18/11/2017 ലെ സ.ഉ. (എം.എസ്.) നം. 24/2017/ITD പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഓൺലൈൻ സർക്കാർ പോർട്ടലിലൂടെ മാത്രം വാങ്ങണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങുന്ന കമ്പ്യൂട്ടറുകളുടെയും അനുബന്ധ സാധനങ്ങളുടെയും സ്പെസിഫിക്കേഷന് സമാനമായ സാധനങ്ങൾ ടി പോർട്ടലിൽ ഇല്ലെങ്കിൽ മാത്രമാണ്

കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ പ്രതിനിധി ഉൾപ്പെട്ട വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ടെണ്ടർ നടത്തുന്നതിന് അനുമതിയുള്ളത്. എന്നാൽ തൻവർഷം ഇത്തരം കാര്യങ്ങൾ ഒന്നും സ്വീകരിക്കാതെ നേരിട്ട് കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.
മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം (34/24.02.22) നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 396822 രൂപ തടസ്സപ്പെടുത്തുന്നു.

1-36 മരുന്നുകൾ മുഴുവൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം: പേര് | 147/21-വയോജനങ്ങളായ ഡയാലിസിസ് രോഗികൾ, അവയവം മാറ്റി വെച്ചവർ,അർബുദ രോഗികൾ എന്നിവർക്ക് ജീവൻ രക്ഷാമരുന്നുകൾ വാങ്ങി നൽകൽ | അടങ്കൽ/ഫണ്ടിനം | 500000 (പ്ലാൻ ജനറൽ ) |
| ചെലവ് | 500000 | ബിൽ നം /തീ: | 24/21.1.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി |

പ്രസ്തുത പ്രൊജക്ടിൽ മരുന്ന് വാങ്ങുന്നതിന് 500000 രൂപ കാരുണ്യ മെഡിസിൻ ഡിപ്പോ, കൊല്ലം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (3624001800000019) ട്രാൻസ്ഫർ ചെയ്യുകയും താഴെ പറയുന്ന ബില്ലുകൾ പ്രകാരം മരുന്നുകൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|
| 36666 | 20.02.21 | 23785 |
| 91 | 06.04.21 | 55509 |
| 5639 | 27.08.21 | 113965 |
| 8924 | 02.11.21 | 10629 |
| 10013 | 13.12.21 | 109761 |
| Total | | 313559 |

5 ലക്ഷം രൂപ നൽകിയതിൽ 313559 രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ബാക്കി 186441 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/24.02.22) മറുപടിയൊന്നും ഹാജരാക്കിയില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-37 റോഡ് ടാറിങ് -ടാർ ബാരൽ വില കുറവ് ചെയ്തിട്ടില്ല

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള NCFRW പ്രവർത്തികളിൽ റോഡ് ടാറിങ് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ ചില ബില്ലുകളിൽ നിന്നും ടാർ ബാരലിന്റെ വിലയും

GST യും ഈടാക്കുകയോ ബാരൽ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല.

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവ് ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരന്റെ ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല. ടാർ ബാരൽ തിരികെ നൽകി സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. വിശദ വിവരം ചുവടെചേർക്കുന്നു(ബാരൽ വില 230 രൂപയും +18% GST 42 രൂപയും ഉൾപ്പടെ @272/ബാരൽ ആണ് . ടാർ RS1 ,SS1 എന്നിവയ്ക്ക് ബാരൽ 182 Kg യും ടാർ VG-30 യ്ക്ക് 156 Kg യും ആണ് കണക്കാക്കിയിട്ടുള്ളത് )

| മരാമത്ത് പ്രവർത്തിയുടെ വിശദ വിവരങ്ങൾ | ബാരൽ വില സംബന്ധിച്ച് | | |
|---|---|---|---|
| | ടാർ (Kg) | ബാരൽ | വില |
| 1)പ്രവർത്തി:- കടുവക്കോട് റോഡ്(കണ്ണാടി പഞ്ചായത്ത് ) അടങ്കൽ :1000000(NCFRW 2019-20) ചെലവ്:993701/- ഉത്തരവ് നം.എ.2550/19(1) തീയ്യതി 24.9.2021 എം ബുക്ക് :4/20-21 എഗ്രിമെൻറ് :4/20-21 Dt 25.09.2020 കോൺട്രാക്ടർ :ജയരാജൻ.കെ | RS1-391.24kg | 3 | 29x272 =7888 |
| | SS1-636.70kg | 4 | |
| | VG30-3317.81kg | 22 | |
| | ആകെ | 29 | |
| 2)പ്രവർത്തി:- പടിഞ്ഞാമുറി റോഡ് മെറ്റലിംഗ് & ടാറിംഗ്(കണ്ണാടി പഞ്ചായത്ത് ) അടങ്കൽ :500000(NCFRW 2016-17) ചെലവ്:470454/- ഉത്തരവ് നം.എ.2377/17(4) തീയ്യതി 24.12.2020 എം ബുക്ക് :8/18-19 | RS1-176.63kg | 1 | 13x272 =3536 |
| | | 3 | |
| | SS1-545.96kg | | |
| | VG30-1355.27kg | 9 | |

| | | | |
|---|---|---|---|
| എഗ്രിമെൻറ് :5/18-19 Dt 7.5.18 കോൺട്രാക്ടർ :സുരേഷ് കുമാർ.പി | ആകെ | 13 | |
| 3)പ്രവർത്തി:- ആനപ്പുറം അയ്യപ്പൻകാവ് റോഡ് മെറ്റലിംഗ് +ടാറിംഗ്(കണ്ണാടി പഞ്ചായത്ത് ) അടങ്കൽ :250000(NCFRW 2016-17) ചെലവ്:233395/- ഉത്തരവ് നം.എ.2377/17(2) തീയ്യതി 21.10.2020 എം ബുക്ക് :9/18-19 എഗ്രിമെൻറ് :4/18-19 Dt 7.5.18 കോൺട്രാക്ടർ :സുരേഷ് കുമാർ.പി | RS1-86.075kg | 1 | 8x272=2176 |
| | SS1-266.05kg | 2 | |
| | VG30-660.43kg | 5 | |
| | ആകെ | 8 | |
| ആകെ | | | 13600 |

ബാരൽ വില കോൺട്രാക്ടറിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ നഷ്ടോത്തരവാദിത്വമായി കണക്കാക്കുന്നതാണ്. ഓഡിറ്റ് എൻക്വയറി നം. 22/21.2.22 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| | | |
| 2020-21 | 20.02.2022 മുതൽ 26.02.2022 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപ്പേരും |
|---|---|---|---|---|
| ഒന്നുമില്ല | | | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :122268365 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :90522307 |
| വരവിനങ്ങളിലുള്ള നഷ്ടം | :- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :325180 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :3601002 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി'യിലേയും 'സി'യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1(12) | | 270523 | ശ്രീ.പ്രദീപ്കുമാർ.കെ, A.E.E |
| 1(13) | | 6692 | ശ്രീ.പ്രദീപ്കുമാർ.കെ, A.E.E |
| 1(14) | | 19500 | ശ്രീ.പ്രദീപ്കുമാർ.കെ, A.E.E |
| 1(16) | | 14865 | ശ്രീ.പ്രദീപ്കുമാർ.കെ, A.E.E |
| 1-37 | | 13600 | ശ്രീ.അബ്ദുൾ നസ്സീർ.എ ബി.ഡി.ഒ -10064/- ശ്രീ.ശശികുമാർ എൻ, ബി.ഡി.ഒ-3536/- |
| ആകെ | | 325180 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 261867 | ശ്രീമതി.ധന്യ.എസ്,ബി.ഡി.ഒ-130934/- |

| | | |
|---|---|---|
| | | ശ്രീ.ശശികുമാർ.കെ,ബി.ഡി.ഒ-130933/- |
| 1-30 | 200000 | ശ്രീ.സുരേന്ദ്രൻ .എൻ,ബി.ഡി.ഒ |
| 1-31 | 135090 | ശ്രീമതി.ധന്യ.എസ്, ബി.ഡി.ഒ |
| 1-33 | 2533817 | ഡോ.മൈനാവതി.കെ, മെഡിക്കൽ ഓഫീസർ |
| 1-34 | 50000 | ഡോ.മൈനാവതി.കെ,മെഡിക്കൽ ഓഫീസർ |
| 1-35 | 396822 | ഡോ.മൈനാവതി.കെ,മെഡിക്കൽ ഓഫീസർ |
| 1-26 | 23406 | ശ്രീമതി :ലൈജു.വി.എസ്, CDPO |
| ആകെ | 3601002 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1(11) | 2800 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി | ബ്ലോക്ക് പഞ്ചായത്ത് | |
| പ്രദീപ്കുമാർ.കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 154/IX, കാളിയംപറമ്പിൽ (ഹൌസ്) ഗവ.ഹോസ്പിറ്റൽ ജംഗ്ഷൻ, അമ്പലപ്പാറ, ചെറുമുണ്ടശ്ശേരി, പാലക്കാട്- 679 512 |
| ശ്രീമതി :ലൈജു.വി.എസ്, CDPO | CDPO കുഴൻമന്ദം ബ്ലോക്ക് | |
| ഡോ.മൈനാവതി. MO CHC | കുഴൻമന്ദം ബ്ലോക്ക് | |
| ബി.ഡി.ഒ , അബ്ദുൾ | | |

| നസ്സർ | | |
|---|---|---|

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | LFP6/1234/15.1.09 | 7 |
| 2003-04 | LFP8/726/7.8.10 | 4 |
| 2004-05 | LFP8/1240/29.3.12 | 7 |
| 2005-06 | LFP8/1240/10.4.12 | 2 |
| 2006-07 | LFP8/1921/9.11.12 | 5 |
| 2007-08 | LFP8/1921/9.11.12 | 5 |
| 2008-09 | LFP8/513/27.3.13 | 7 |
| 2009-10 &2010-11 | LFP8/780/13.12.14 | 2360 |
| 2011-12 | LFP8/780/13.12.14 | 16 |
| 2012-13, 2013-14 & 2014-15 | KSA-PKD 8/255/16/12-02-16 | 18 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി.8/304/17/02.05.2017 | 10 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി.8/2247/2017/30.11.2017 | 8 |
| 2017-18 | കെ.എസ്.എ-പി.കെ.ഡി.25/645/2019/18.7.219 | 11 |
| 2018-19 | കെ.എസ്.എ-പി.കെ.ഡി.25/19/2020/22.01.2020 | 22 |
| 2019-20 | കെ.എസ്.എ-പി.കെ.ഡി./പി.കെ.ഡി(25)/600/22 | - |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## വരവ്-ചെലവ് പത്രിക -സംക്ഷിപ്തം

| | | | |
|---|---|---|---|
| Kuzhalmannam Block Panchayat<br>BALANCE SHEET | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 23930918.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 80099954.00 |
| | Total Reserve & Surplus | | 104030872.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 28381486.00 |
| | Total Grants, Contributions for Specific Purposes | | 28381486.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 967757.00 |
| 350000000 | Other Liabilities | B-9 | 0.0 |
| | Total Current Liabilities and Provisions | | 967757.00 |
| | TOTAL LIABILITIES | | 133380115.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 114588658.00 |
| 411000000 | Accumulated Depreciation | B-11 | -25869497.00 |
| 412000000 | Capital Work in Progress | B-11(a) | 6939449.00 |
| | Total Fixed Assets | | 95658610.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 4545507.00 |
| 450000000 | Cash and Bank Balance | B-17 | 31746058.00 |
| 460000000 | Loans, Advances and Deposits | B-18 | 1429940.00 |
| | Total Current Assets, Loans and Advances | | 37721505.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 133380115.00 |

| INCOME&EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 140000000 | Fee & User Charges | I-4(b) | 14073.00 |
| 150000000 | Sale & Hire Charges | I-5(b) | 399763.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 83880687.00 |
| 170000000 | Income from Investments | I-7 | 50111.00 |
| 171000000 | Interest Earned | I-8 | 649513.00 |
| | Total Income | | 84994147.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 1719308.00 |
| 220000000 | Administrative Expenses | I-11(b) | 4181254.00 |
| 230000000 | Operations & Maintenance | I-12(b) | 1322653.00 |
| 240000000 | Interest & Finance Charges | I-13 | 417.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14510000.00 |
| 251000000 | Decentralised Plan Programme- | I-14(a) | 33977923.00 |

| | | | |
|---|---|---|---|
| | Service Sector | | |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5622986.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 753683.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 933017.00 |
| 255000000 | Maintenance Projects | I-14(e) | 2955315.00 |
| 272000000 | Depreciation | I-17(a) | 9916481.00 |
| | Total Expenditure | | 75893037.00 |
| | Gross Surplus/ Deficit of income over Expenditure | | 9101110.00 |
| 280000000 | Prior Period Item | I-18 | 798510.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 8302600.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

RECEIPT&PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 35519784.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 14073.00 |
| 150000000 | Sale & Hire Charges | RP-5 | 399763.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 80542305.00 |
| 171000000 | Interest Earned | RP-9 | 649513.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3761519.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 170000000 | Income from Investments | RP-8 | 50111.00 |
| 340000000 | Deposits Received | RP-34 | 460724.00 |
| 350000000 | Other Liabilities | RP-36 | 20084.00 |
| 460000000 | Loans, Advances and Deposits | RP-47 | 850489.00 |
| | Grand total | | 122268365.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1377908.00 |
| 220000000 | Administrative Expenses | RP-12 | 4090512.00 |
| 230000000 | Operations & Maintenance | RP-13 | 401838.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 14510000.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 33102548.00 |

| | | | |
|---|---|---|---|
| | | | |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 5622986.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 336659.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 933017.00 |
| 255000000 | Maintenance Projects | RP-20 | 2955315.00 |
| 280000000 | Prior Period item | RP-26 | 798510.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 50052.00 |
| 350000000 | Other Liabilities | RP-36 | 1310543.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 417.00 |
| 340000000 | Deposits Received | RP-34 | 98578.00 |
| 350000000 | Other Liabilities | RP-36 | 36832.00 |
| 410000000 | Fixed Assets | RP-38 | 7000398.00 |
| 412000000 | Capital work in Progress | RP-40 | 12019337.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4545507.00 |
| 460000000 | Loans, Advances and Deposits | RP-47 | 1331350.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 31746058.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 122268365.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ